*29-06-2026*
*Question Hour*

മി. സ്പീക്കർ: ഓർഡർ ..... ഓർഡർ ..... ചോദ്യം നമ്പർ (*91)

**ഊരാളുങ്കൽ ലേബർ കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് നൽകുന്ന പ്രവൃത്തികൾ**

(*91) ശ്രീ. കെ. ബിനിമോൻ:
ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. ദീപക് ജോയ്:

ശ്രീ. എഫ്. രാജ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഊരാളുങ്കൽ ലേബർ കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് പൊതുമരാമത്ത് വകുപ്പിന്റെ പ്രവൃത്തികൾ നൽകുന്നതിന് എന്തെങ്കിലും മുൻഗണന നിലവിലുണ്ടോ; വ്യക്തമാക്കാമോ;

(ബി) നടപടിക്രമങ്ങൾ പാലിക്കാതെ പ്രസ്തുത സൊസൈറ്റിക്ക് അധികമായി പ്രവൃത്തികൾ നൽകിയത് പ്രവൃത്തികളുടെ ഗുണനിലവാരം കുറയുന്നതിനും അഴിമതിക്കും കാരണമായിട്ടുണ്ടോയെന്ന് പരിശോധിക്കുമോ;

(സി) പ്രസ്തുത സൊസൈറ്റിക്ക് ഇക്കാര്യത്തിൽ ഇളവ് നൽകുന്നത് സംബന്ധിച്ച് ഉത്തരവുകൾ നിലവിലുണ്ടോ; വ്യക്തമാക്കുമോ?

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. പി. കെ. ബഷീർ): സർ, (എ) വിവിധ സർക്കാർ ഉത്തരവുകൾ പ്രകാരം ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് ഇ-ടെൻഡർ മുഖാന്തരം പ്രവൃത്തികൾ നൽകുന്നതിന് മുൻഗണന നിലവിലുണ്ട്.

സഹകരണ വകുപ്പിന്റെ 13-11-1997-ലെ ജി.ഒ. എം.എസ്. 135/97/കോ.ഓപ് പ്രകാരവും 19-03-2004-ലെ ജി.ഒ. എം.എസ്. 44/04/പി.ഡബ്ല്യൂ.ഡി പ്രകാരവും മറ്റ് കരാറുകാർ ക്വാട്ട് ചെയ്ത തുകയിൽനിന്ന് പത്ത് ശതമാനം കൂടിയ നിരക്ക് മാത്രമാണെങ്കിൽ സൊസൈറ്റി ക്വാട്ട് ചെയ്ത തുകയ്ക്ക് പ്രവൃത്തി അനുവദിക്കാവുന്നതാണ്. മാത്രമല്ല, സഹകരണ വകുപ്പിന്റെ ആദ്യ ഉത്തരവുപ്രകാരവും തുടർന്ന് 22-03-2001-ലെ ജി.ഒ. ആർ.ടി നം.162/2001/സഹ. പ്രകാരവും സൊസൈറ്റികൾക്ക് പ്രവൃത്തികളിൽ പങ്കെടുക്കുമ്പോൾ നിരതദ്രവ്യവും (EMD), സെക്യൂരിറ്റി ഡെപ്പോസിറ്റ് (Performance Guarantee) എന്നിവ ഒഴിവാക്കിയിട്ടുണ്ട്.

*29-06-2026*
*Question Hour*

സഹകരണ വകുപ്പിന്റെ 02-08-2008-ലെ ജി.ഒ. എം.എസ്.181/08/Co-op. പ്രകാരം സൊസൈറ്റിക്ക് ഏത് തുകയ്ക്കുള്ള പ്രവൃത്തിയും ഏറ്റെടുത്ത് നടത്താവുന്നതാണ്. പൊതുമരാമത്ത് ദേശീയപാത വിഭാഗത്തിന്റെ കീഴിൽ MoRTH tender condition പ്രകാരം ചെയ്യുന്ന പ്രവൃത്തികളിൽ ഊരാളുങ്കൽ ലേബർ കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് പ്രത്യേക മുൻഗണന നിലവിലില്ല. എന്നാൽ പൊതുമരാമത്ത് സ്റ്റേറ്റ് ഫണ്ടുപയോഗിച്ച് ചെയ്യുന്ന ദേശീയ പാത പ്രവൃത്തികളിൽ മേൽ സൂചിപ്പിച്ച സർക്കാർ ഉത്തരവുകൾ ബാധകമാണ്.

(ബി) പൊതുമരാമത്തുവകുപ്പിന്റെ പ്രവൃത്തികളിൽ ഊരാളുങ്കൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് നടപടിക്രമങ്ങൾ പാലിക്കാതെ പ്രവൃത്തി അനുവദിച്ചതായി ശ്രദ്ധയിൽപെട്ടിട്ടില്ല. പൊതുമരാമത്തുവകുപ്പിന്റെ പ്രവൃത്തികളിലെല്ലാംതന്നെ ഗുണനിലവാര പരിശോധന കർശനമായി പാലിക്കുന്നുണ്ട്. PWD Manual, SBD Condition എന്നിവ അനുസരിച്ചാണ് ഇവ നടപ്പിലാക്കുന്നത്.

(സി) ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി Quality Control Manual അവലംബിച്ചുവരുന്നു. ഗുണനിലവാര പരിശോധന ഫലത്തിന്റ അടിസ്ഥാനത്തിലാണ് കരാറുകാർക്ക് ബിൽ തുക നൽകുന്നത്. പ്രവൃത്തികളുടെ ഗുണനിലവാരം സംബന്ധിച്ച് പരാതി ലഭിക്കുകയാണെങ്കിൽ അന്വേഷണം നടത്തി നടപടി സ്വീകരിക്കുന്നതാണ്.

<u>ശ്രീ. കെ. ബിനിമോൻ</u>: സർ, ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സഹകരണ സൊസൈറ്റി വഴി നിർമ്മിക്കുന്ന പ്രവൃത്തികളുടെ മേൽനോട്ട ചുമതല സൊസൈറ്റി എഞ്ചിനീയർമാർക്കാണോ; പൊതുമരാമത്ത് വകുപ്പിന്റെ നിരീക്ഷണം ഇക്കാര്യത്തിലുണ്ടോയെന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ ഇനിയുള്ള നിർമ്മാണ പ്രവർത്തനങ്ങളിലെങ്കിലും വകുപ്പിന്റെ കർശന നിരീക്ഷണം ഉറപ്പുവരുത്താമോ?

<u>ശ്രീ. പി. കെ. ബഷീർ</u>: സർ, സാധാരണ പൊതുമരാമത്ത് പ്രവൃത്തികളുടെ നിരീക്ഷണം പൊതുമരാമത്ത് വകുപ്പ് എഞ്ചിനീയർമാരും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമാണ് നിർവഹിക്കുന്നത്. കരാർ വർക്കുകൾക്ക് അവരുടെ എഞ്ചിനീയർമാരെ നിയോഗിക്കുന്നുണ്ടെങ്കിലും ഔദ്യോഗികമായി എല്ലാ വർക്കുകളും പൊതുമരാമത്ത് വകുപ്പാണ് നിരീക്ഷിക്കുന്നത്.

*29-06-2026*
*Question Hour*

ശ്രീ. കെ. ബിനിമോൻ: സർ, ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സഹകരണ സൊസൈറ്റി വഴി നിർമ്മിക്കുന്ന ചില പദ്ധതികളിൽ ചെലവ് വർധനയും കാലതാമസവും ഉണ്ടാകുന്നുണ്ടെങ്കിൽ അതിന്റെ ഉത്തരവാദിത്വം പ്രസ്തുത സൊസൈറ്റി ഏറ്റെടുക്കാറുണ്ടോ; ആയതുമൂലം സർക്കാരിനുണ്ടാകുന്ന നഷ്ടം ടി സൊസൈറ്റിയിൽനിന്നും ഈടാക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. പി. കെ. ബഷീർ: സർ, കാലതാമസം എന്നുപറയാൻ സാധിക്കില്ല. ഒരു എഗ്രിമെന്റിന്റെ കാലാവധിക്കകം പ്രവൃത്തി പൂർത്തീകരിച്ചില്ലെങ്കിൽ ഫൈനോടുകൂടി എക്സ്റ്റൻഷൻ നൽകുകയാണ് സാധാരണഗതിയിലുള്ള നടപടിക്രമങ്ങൾ. എവിടെയെങ്കിലും പ്രവൃത്തികൾക്ക് ബുദ്ധിമുട്ട് നേരിട്ടാൽ എഗ്രിമെന്റ് പ്രകാരമുള്ള നിയമനടപടികൾ സ്വീകരിക്കും. ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സഹകരണ സൊസൈറ്റിക്ക് പൊതുമരാമത്ത് വകുപ്പിന്റെ 165 പ്രവൃത്തികളിൽ റോഡ് വിഭാഗത്തിൽ 61 പ്രവൃത്തികളാണുള്ളത്. 46 എണ്ണം കിഫ്ബി പ്രവൃത്തികളാണ്. സൊസൈറ്റി ഏറ്റെടുത്തിരിക്കുന്ന ഭൂരിഭാഗം പ്രവൃത്തികളും കോഴിക്കോട് ജില്ലയിലാണ് നടക്കുന്നത്. 165 പ്രവൃത്തികളിൽ നാൽപ്പതോളം പ്രവൃത്തികൾ മന്ദഗതിയിലാണ്. ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സഹകരണ സൊസൈറ്റിക്ക് വർക്ക് ലോഡ് കൂടുതലായതാണ് കാരണം. മുമ്പ് ഒരു പ്രദേശത്തെ വർക്ക് മാത്രമായിരുന്നെങ്കിൽ ഇപ്പോൾ കാസർഗോഡ് മുതൽ പാറശ്ശാലവരെയുള്ള എല്ലാ പ്രദേശങ്ങളിലും വർക്കുകൾ നടക്കുന്നതുകൊണ്ട് അടുത്തകാലത്ത് അവരുടെ പ്രവൃത്തികൾ മന്ദിഗതിയിലായിട്ടുണ്ട്. അതിന്റെ കാരണങ്ങൾ സൊസൈറ്റിയുടെ ഉന്നത ഉദ്യോഗസ്ഥരെ വിളിച്ച് ചർച്ച നടത്തുകയും വർക്കുകൾ വേഗത്തിലാക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

ശ്രീ. സി. ആർ. മഹേഷ്: സർ, ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സഹകരണ സൊസൈറ്റിയുടെ നിർമ്മാണ പ്രവർത്തനങ്ങളിൽ അംഗീകരിച്ച എസ്റ്റിമേറ്റ് തുക ക്രമവിരുദ്ധമായി പിന്നീട് വർധിപ്പിച്ച് കൂടുതൽ തുക സൊസൈറ്റിക്ക് അനുവദിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കാമോ?

*29-06-2026*
*Question Hour*

ശ്രീ. പി. കെ. ബഷീർ: സർ, അങ്ങനെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്തെങ്കിലും പരാതിയുണ്ടെങ്കിൽ അന്വേഷിക്കാവുന്നതാണ്.

ശ്രീ. ദീപക് ജോയ്: സർ, ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് സഹകരണ സൊസൈറ്റിയുടെ നിർമ്മാണ പ്രവർത്തനങ്ങളിൽ തദ്ദേശീയരായ തൊഴിലാളികൾക്കാവശ്യമായ തൊഴിലവസരങ്ങൾ ലഭിക്കുന്നില്ലെന്ന പരാതി പരിഹരിക്കാൻ എന്തെല്ലാം കാര്യങ്ങൾ ചെയ്യാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ശ്രീ. പി. കെ. ബഷീർ: സർ, തദ്ദേശീയരായവർക്ക് ജോലി ലഭിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അക്കാര്യം അന്വേഷിക്കുന്നതാണ്. നാട്ടിലുള്ള തൊഴിലാളികൾക്ക് ജോലി ലഭ്യമാക്കണമെന്ന ഉദ്ദേശ്യത്തോടെയാണ് ലേബർ കോൺട്രാക്റ്റ് സൊസൈറ്റികൾക്ക് ഇളവ് അനുവദിക്കുന്നത്. ഇവർക്ക് സെക്യൂരിറ്റി ഡെപ്പോസിറ്റോ പെർഫോമൻസ് ഗ്യാരന്റിയോയില്ല. ടെൻഡറിൽ പത്തുശതമാനം ഇളവ് തുടങ്ങി നിരവധി കാര്യങ്ങളിൽ ആനുകൂല്യങ്ങൾ അനുവദിക്കുന്നുണ്ട്. പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള വർക്കുകളിൽ മറ്റ് കരാറുകാരെ അപേക്ഷിച്ച് പ്രൈസ് ഡിഫറൻസിന്റെ കാര്യത്തിൽ ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് സഹകരണ സൊസൈറ്റിക്ക് 140 കോടിയോളം രൂപയുടെ ലാഭമാണ് ലഭിക്കുന്നതെന്ന് കഴിഞ്ഞ കാലപ്രവൃത്തികളുടെ നിലവിലെ കണക്ക് പ്രകാരമുള്ളതാണ്. അത്രയും നഷ്ടം സർക്കാർ സഹിക്കുന്നുണ്ട്.

ശ്രീ. എഫ്. രാജ: സർ, കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കിഫ്ബി മുഖാന്തരം പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള എത്ര പദ്ധതികൾ ഊരാളുങ്കൽ ലേബർ കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് നൽകിയിട്ടുണ്ട്; അവയുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ?

ശ്രീ. പി. കെ. ബഷീർ: സർ, ഇതിൽ രണ്ട് വിഷയങ്ങളുണ്ട്. ഒന്ന്, അവർ നേരിട്ട് ടെൻഡർ ക്വാട്ട് ചെയ്തതിൽ ലോവസ്റ്റായി വന്നിട്ടുള്ളതും ചിലതിൽ ലോവസ്റ്റായി ക്വാട്ട് ചെയ്ത ടെൻഡറിൽ പെർസന്റേജിന്റെ വ്യത്യാസം വരുമ്പോൾ പത്തുശതമാനം ആനുകൂല്യം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ 46 പ്രവൃത്തികളാണ് കിഫ്ബി മുഖാന്തരം അവർക്ക് ലഭിച്ചിട്ടുള്ളത്.

*29-06-2026*
*Question Hour*

ശ്രീ. വി. മുരളീധരൻ: സർ, പൊതുമരാമത്ത് വകുപ്പിന്റെ പല പ്രവൃത്തികളും കഴിഞ്ഞ കുറച്ചുമാസങ്ങളായി അന്താരാഷ്ട്രതലത്തിലുള്ള പ്രശ്നങ്ങളെത്തുടർന്ന് ബിറ്റുമെന്റെ വില വർധിച്ചതിന്റെ അടിസ്ഥാനത്തിൽ മുടങ്ങിക്കിടക്കുന്നുവെന്ന് കഴിഞ്ഞ ദിവസം പരാമർശിക്കപ്പെട്ടിരുന്നു. ബിറ്റുമെന്റെ വർധിച്ച വിലയുടെ പശ്ചാത്തലത്തിൽ കരാറുകാർക്ക് ഇതിന് പരിഹാരമെന്ന നിലയിൽ വില കൂട്ടി നൽകാൻ എന്തെങ്കിലും നടപടികൾ സ്വീകരിക്കുമോ; ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സർക്കാർ സ്വീകരിക്കുന്നത്?

ശ്രീ. പി. കെ. ബഷീർ: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ, പശ്ചിമേഷ്യൻ യുദ്ധത്തിന്റെ അടിസ്ഥാനത്തിൽ ടാറിന് വില കൂടിയിട്ടുണ്ട്. എഗ്രിമെന്റ് വച്ച സമയത്ത് ഒരു ടൺ ടാറിന് 54,000 രൂപയായിരുന്നത് ഇപ്പോൾ 96,000 രൂപയായിട്ടുണ്ടെന്ന് കഴിഞ്ഞ ദിവസം ഞാൻ സഭയിൽ പറഞ്ഞിരുന്നു. അതിന്റെ ബുദ്ധിമുട്ടുകൾ കരാറുകാർക്കുണ്ട്. നാളെ നടക്കുന്ന മന്ത്രിസഭാ യോഗത്തിൽ വില വ്യത്യാസത്തിന്റെ കാര്യം പരിഗണിക്കുന്നതാണ്.

ശ്രീ. എം. വിൻസെന്റ്: സർ, ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സഹകരണ സൊസൈറ്റി ഏറ്റെടുക്കുന്ന പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ അവർതന്നെയാണ് തയ്യാറാക്കുന്നതെന്ന സംസാരം മുൻ സർക്കാരിന്റെ കാലത്തുണ്ടായിരുന്നു. മറ്റ് പ്രവൃത്തികളുടെ എസ്റ്റിമേറ്റും ഇവർ ഏറ്റെടുക്കുന്ന പ്രവൃത്തികളുടെ എസ്റ്റിമേറ്റും തമ്മിൽ വലിയ അന്തരമുണ്ടോ; അത് പരിശോധിക്കാൻ പ്രത്യേക അന്വേഷണം നടത്താൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. പി. കെ. ബഷീർ: സർ, അത്തരമൊരു കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ അത്തരം പ്രശ്നങ്ങളുണ്ടെങ്കിൽ പരിശോധിക്കുന്നതാണ്.

ശ്രീ. കെ. വി. സുമേഷ്: സർ, നിർമ്മാണ മേഖലയിൽ വളരെ നല്ല നിലയിൽ പ്രവർത്തിക്കുന്നതാണ് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സഹകരണ സൊസൈറ്റി. NHAI-യുടെ ഒരു റീച്ച് കാസർഗോഡ് ജില്ലയിൽ സമയബന്ധിതമായി പൂർത്തീകരിച്ചതും കോഴിക്കോട് തൊണ്ടയാട്- രാമനാട്ടുകര മേൽപ്പാലത്തിന്റെ നിർമ്മാണത്തിൽ ബാക്കിവന്ന

ആറ് കോടി രൂപയോളം തിരികെ സർക്കാരിനെ ഏൽപ്പിച്ച മാതൃകാപരമായ കാര്യം വകുപ്പിന്റെ ശ്രദ്ധയിലുണ്ടോ?

ശ്രീ. പി. കെ. ബഷീർ: സർ, NHAI-യുടെ വർക്ക് ആദ്യം നന്നായി നടത്തി. അത് കേന്ദ്ര സർക്കാരിനെ പ്രീണിപ്പിച്ചു. നമ്മുടെ നാട്ടിലുള്ള പ്രവൃത്തികളൊന്നും നന്നായി നടന്നില്ലെന്നതാണ് വിഷയം. ആദ്യകാലങ്ങളിൽ അവരുടെ പ്രവൃത്തികൾക്ക് നല്ല ക്വാളിറ്റിയുണ്ടായിരുന്നു. അതുകൊണ്ടാണ് എല്ലാവരും ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സഹകരണ സൊസൈറ്റിക്ക് പ്രവൃത്തികൾ നൽകിയത്. വർക്ക് ലോഡ് കൂടിയപ്പോൾ അവരുടെ നിയന്ത്രണത്തിലല്ല കാര്യങ്ങളെന്നത് എല്ലാവർക്കും അറിയാവുന്നതാണ്.

ശ്രീ. മുഹമ്മദ് ഷിയാസ്: സർ, എന്റെ നിയോജകമണ്ഡലത്തിലെ ഏറ്റവും വലിയ ദുരിത ബാധിത പ്രദേശമായ ചെല്ലാനത്തെ കടൽഭിത്തി നിർമ്മാണ പ്രവൃത്തികൾ നടത്തിയത് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സഹകരണ സൊസൈറ്റിയാണ്. ആദ്യഘട്ടത്തിൽ 12 കിലോമീറ്റർ ചുറ്റളവിൽ നിർമ്മിക്കേണ്ട കടൽഭിത്തി നിർമ്മിച്ചുവന്നപ്പോൾ 7.2 കിലോമീറ്ററായി മാറുകയുണ്ടായി. അതിൽത്തന്നെ 650 മീറ്റർ ടെട്രോപോഡിന്റെ നിർമ്മാണ പ്രവൃത്തികൾ ഭാഗികമായി മാത്രമാണ് ചെയ്തിട്ടുള്ളത്. അതിനാൽ ആ പ്രദേശത്ത് കടൽ കയറുന്നുണ്ട്. നേരത്തെ സൂചിപ്പിച്ചപോലെ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സഹകരണ സൊസൈറ്റി തീരുമാനിക്കുന്ന എസ്റ്റിമേറ്റും നിർമ്മാണക്കൂലിയുമാണ് സർക്കാർ കൊടുത്തുകൊണ്ടിരിക്കുന്നതെന്ന ആക്ഷേപമുണ്ട്. അതിനെക്കുറിച്ച് അന്വേഷണം നടത്തുമോ; രണ്ടാമത്തെ റീച്ചിന്റെ നിർമ്മാണ പ്രവർത്തനം സർക്കാർ നേരിട്ട് ഒരു ഗവൺമെന്റ് ഓർഡറിലൂടെ അവർക്കുതന്നെയാണ് നൽകിയിരിക്കുന്നത്. ഇത്തരത്തിൽ ഗുണനിലവാരമില്ലാത്ത, അല്ലെങ്കിൽ ആക്ഷേപമുണ്ടാകുന്ന ആളുകൾക്ക് നിർമ്മാണ പ്രവർത്തനങ്ങൾ നൽകുമോ?

ശ്രീ. പി. കെ. ബഷീർ: സർ, അത് പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട വിഷയമല്ല. ഇറിഗേഷൻ ഡിപ്പാർട്ട്മെന്റുമായി ബന്ധപ്പെട്ടതാണ്. ബന്ധപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താം.

*29-06-2026*
*Question Hour*

ശ്രീ. വി. ജോയി: സർ, ഊരാളുങ്കൽ ലേബർ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയെ സംബന്ധിച്ച് രാജ്യത്തിന് അകത്തും പുറത്തും നിരവധി അവാർഡുകൾ കരസ്ഥമാക്കിയിട്ടുള്ളതാണ്. ക്വാളിറ്റി മെയിന്റയിൻ ചെയ്യുന്നതിൽ എന്തെങ്കിലും കുറവ് വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. പി. കെ. ബഷീർ): സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. വി. ജോയി കോൺട്രാക്ടേഴ്സ് അസോസിയേഷന്റെ പ്രസിഡന്റും ഭാരവാഹിയുമൊക്കെയാണ്. പക്ഷെ ഞാൻ ചുമതലയേറ്റിട്ട് ഒന്നേകാൽ മാസമാകുന്നേയുള്ളൂ. അക്കാര്യം എന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ശ്രദ്ധയിൽപ്പെട്ടാൽ അറിയിക്കാം.

ശ്രീ. വി. ടി. ബൽറാം: ഊരാളുങ്കൽ ലേബർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ഒരുപാട് കാലമായി നാട്ടിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഒരു പ്രസ്ഥാനമാണ്. പക്ഷെ മുമ്പത്തെതിൽനിന്ന് വ്യത്യസ്തമായി ഒരുപാട് പ്രവൃത്തികൾ ലഭിക്കുന്ന അവസ്ഥ കഴിഞ്ഞ പത്തുവർഷമായി സംജാതമായിട്ടുണ്ട്. നേരത്തെ ഒരു ഏജൻസിക്ക് ഹോൾഡ് ചെയ്യാൻ സാധിക്കുന്ന പ്രവൃത്തികളുടെ മൊത്തം തുക ഫിക്സഡ് ആയിരുന്നു. നിലവിൽ ആ തുക വലിയരീതിയിൽ വർധിക്കുകയും കുത്തകയായി മാറുന്ന തരത്തിലുള്ള അനുഭവമുണ്ടെന്നാണ് പൊതുവെയുള്ള നിരീക്ഷണം. അതുകൊണ്ടുതന്നെ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി അടക്കമുള്ള ലേബർ കോൺട്രക്ട് സൊസൈറ്റികൾക്ക് ഒരേ സമയം ഹോൾഡ് ചെയ്യാൻ സാധിക്കുന്ന പ്രവൃത്തികളുടെ മൊത്തം തുക എത്രയെന്ന് കൃത്യമായി നിജപ്പെടുത്തുമോ; അത് വർധിപ്പിക്കുന്നെങ്കിൽ ബന്ധപ്പെട്ട ക്രമീകരണമുണ്ടാകുമോ?

ശ്രീ. പി. കെ. ബഷീർ: സർ, ആദ്യം ലേബർ കോൺട്രക്ട് സൊസൈറ്റിയ്ക്ക് പ്രവൃത്തികൾ നൽകുമ്പോൾ 25 കോടി രൂപ, 50 കോടി രൂപ എന്നിങ്ങനെ പരിധിയുണ്ടായിരുന്നു. പിന്നീട് 100 കോടി രൂപയാക്കി. 2001-ൽ 200 കോടി എന്നത് 300 കോടി രൂപയായി. 2020-2022-ൽ 500 കോടി രൂപയായി. 2022-നുശേഷം എത്ര കോടി രൂപയുടെ പ്രവൃത്തികൾ വേണമെങ്കിലും ഏറ്റെടുക്കാമെന്ന നിലയിലേയ്ക്ക് എത്തിയിട്ടുണ്ട്. അത് ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ ഗൗരവമായി പരിശോധിക്കേണ്ട കാര്യമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായി സംസാരിച്ച് നടപടി സ്വീകരിക്കും.

*29-06-2026*
*Question Hour*

<u>ശ്രീ. പി. മമ്മിക്കുട്ടി</u>: സർ, കേരള സ്റ്റേറ്റ് ട്രൻസ്പോർട്ട് പ്രൊജക്ട് (കെ.എസ്.ടി.പി.)-യുടെ നേതൃത്വത്തിലുള്ള റോഡ് പ്രവൃത്തികൾ നടക്കുന്നുണ്ട്. അതുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പിന്റെ പൊതുഅഭിപ്രായം എന്താണ്; നമ്മുടെ ജില്ലയിൽ പ്രധാനപ്പെട്ട കെ.എസ്.ടി.പി. റോഡിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. അതിന്റെ അനുബന്ധ പ്രവർത്തനങ്ങൾ ഇപ്പോഴും പൂർത്തിയായിട്ടില്ല. പൊതുമരാമത്ത് വകുപ്പിന്റെ ശ്രദ്ധയിൽ കെ.എസ്.ടി.പി. പ്രവൃത്തിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ വന്നിട്ടുണ്ടോ?

<u>ശ്രീ. പി. കെ. ബഷീർ</u>: ലോകബാങ്ക്, ജർമ്മൻ ബാങ്ക് എന്നിവയുടെ പദ്ധതികളാണ് കെ.എസ്.ടി.പി.-യിൽ കഴിഞ്ഞകാലങ്ങളിൽ പ്രധാനമായും ഏറ്റെടുത്ത് നടത്തിയിട്ടുള്ളത്. പൊതുമരാമത്ത് വകുപ്പ് മേൽനോട്ടം വഹിക്കുന്നുണ്ട്. പക്ഷെ ബന്ധപ്പെട്ട അംഗം ചോദിച്ചത് വ്യക്തമായി എനിക്ക് മനസിലായില്ല. അങ്ങയുടെ നിയോജകമണ്ഡലത്തിലെ കെ.എസ്.ടി.പി. പ്രവൃത്തിയെക്കുറിച്ചാണ് ഉദ്ദേശിച്ചതെങ്കിൽ അക്കാര്യം നമുക്ക് പരിശോധിക്കാം.

<u>ശ്രീ. അബിൻ വർക്കി കോടിയാട്ട്</u>: സർ, ഊരാളുങ്കൽ ലേബർ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുമായി ബന്ധപ്പെട്ട് ഒരേ സമയം ഏറ്റെടുക്കാൻ സാധിക്കുന്ന പ്രവൃത്തികളുടെ തുകയുമായി ബന്ധപ്പെട്ട് 2018-ലെ സി.എ.ജി. റിപ്പോർട്ടിൽ പരാമർശമുണ്ടായിരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിനുശേഷം എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് (ഇ.ഡി.) അന്വേഷണവും നടന്നതായി പത്രവാർത്ത കണ്ടിട്ടുണ്ട്. ഒരേ സമയം കുറെ അധികം പ്രവൃത്തികൾ ഹോൾഡ് ചെയ്ത ഒരു കമ്പനിയാണ് ഊരാളുങ്കൽ ലേബർ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയെന്ന് പറയുന്നുണ്ട്. കഴിഞ്ഞ 10 വർഷകാലത്തിനുള്ളിൽ ഊരാളുങ്കൽ ലേബർ കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് സർക്കാർ എത്ര രൂപയുടെ പ്രവൃത്തികൾ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? ആഗോള അയ്യപ്പ സംഗമത്തിന്റെ ഇവന്റ് മാനേജ്മെന്റ് ചുമതലകൾ നടത്തിയത് ഊരാളുങ്കൽ ലേബർ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ സബ്സിഡിയറി കമ്പനി ആണെന്ന് പറയപ്പെടുന്നു. അവരുടെ സബ്സിഡറി കമ്പനികൾ മുഖേന എത്ര കോടി രൂപയുടെ പ്രവൃത്തികൾ നൽകിയിട്ടുണ്ടെന്നും ഇതിൽ എത്ര കോടി രൂപയുടെ പ്രവൃത്തികൾ ടെൻഡർ മുഖേനയും അല്ലാതെയും നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

*29-06-2026*
*Question Hour*

ശ്രീ. പി. കെ. ബഷീർ: സർ, ഈ ചോദ്യത്തിന് വിശദമായ മറുപടി പരിശോധിച്ച് ബന്ധപ്പെട്ട അംഗത്തെ അറിയിക്കാം. നിലവിൽ നോൺ പി.എം.സി. ലിസ്റ്റിൽ ഊരാളുങ്കൽ ലേബർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ഉൾപ്പെടുന്നതിനാൽ ഒരു കോടി രൂപ വരെയുള്ള പ്രവൃത്തി അവാർഡ് ചെയ്ത് നൽകാൻ സാധിക്കുമെന്നതാണ് നിലവിലുള്ള സംവിധാനം. ബാക്കി കാര്യങ്ങൾ പിന്നീട് അറിയിക്കാം.

ശ്രീ. നജീബ് കാന്തപുരം: സർ, സാധാരണയായി ഒരു കോൺട്രാക്ട് കമ്പനിക്ക് നൽകുന്ന എല്ലാ സൗകര്യങ്ങളും ഊരാളുങ്കൽ ലേബർ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയ്ക്ക് ലഭിക്കുന്നുണ്ട്. എന്നാൽ പ്രീ ക്വാളിഫിക്കേഷൻ അടക്കമുള്ള കാര്യങ്ങളിൽ നിബന്ധനകളിൽ ഇളവ് നൽകി ഊരാളുങ്കൽ ലേബർ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയെ അമിതമായി സർക്കാർ സഹായിച്ചതായി കരുതുന്നുണ്ടോ?

ശ്രീ. പി. കെ. ബഷീർ: സർ, പ്രീ ക്വാളിഫിക്കേഷനിൽ ഇളവ് വരുത്തിയിട്ടുണ്ട്. മറ്റുള്ള കരാറുകാർക്ക് പ്രീ ക്വാളിഫിക്കേഷൻ ഇല്ലെങ്കിൽ അവരെ ഡിസ് ക്വാളിഫൈ ചെയ്യും. അവരുടെ ടെൻഡർ അംഗീരിക്കുകയില്ല. ഊരാളുങ്കൽ ലേബർ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയ്ക്ക് പ്രീ ക്വാളിഫിക്കേഷനിൽ ഇളവ് നൽകിയാണ് പരിഗണിക്കുന്നത്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച കാര്യം ഒന്നുകൂടി പരിശോധിക്കണം.

ശ്രീ. കെ. എം. അഭിജിത്ത്: സർ, ഊരാളുങ്കൽ ലേബർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ഞങ്ങളുടെയെല്ലാം നിയോജകമണ്ഡലത്തിൽ നദാപുരത്ത് ഉൾപ്പെടെ ഒരുപാട് പ്രവൃത്തികൾ ഏറ്റെടുത്തിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ് സൂചിപ്പിച്ചതുപോലെ എല്ലാ മേഖലകളിലും നാട്ടിലെ 17 കിലോമീറ്റർ ഫെൻസിങ് ഉൾപ്പെടെ ഏറ്റെടുത്ത പ്രവൃത്തികൾ നിശ്ചലമായി നിൽക്കുകയാണ്. ഇവരുടെ കാലതാമസം കേരളത്തിന്റെ ഖജനാവിന് അടക്കം വലിയ നഷ്ടമുണ്ടാക്കുകയാണ്. ഈ സാഹചര്യത്തിൽ സംസ്ഥാനത്തിനുണ്ടാകുന്ന നഷ്ടം ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; അതോടൊപ്പം വഴിവിട്ട രീതിയിൽ ഏതെങ്കിലും പ്രവൃത്തി നൽകിയിട്ടുള്ളത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. പി. കെ. ബഷീർ: സർ, ഒരു എഗ്രിമെന്റിന്റെ ഭാഗമായിട്ടാണ് പ്രവൃത്തികൾ നടക്കുന്നത്. കാലതാമസമുണ്ടായിട്ടുണ്ടെങ്കിൽ അതിന്റെ നിയമനടപടികൾ സ്വീകരിക്കാം.

വഴിവിട്ട് പ്രവൃത്തികൾ നൽകിയത് ശ്രദ്ധയിൽപ്പെട്ടില്ല. എന്നിരുന്നാലും ഇവിടെവന്ന ചോദ്യങ്ങളുടെ അടിസ്ഥാനത്തിൽ ഏതെങ്കിലും പ്രവൃത്തി നോമിനിയായി നൽകിയിട്ടുണ്ടോ എന്നത് പരിശോധിക്കാം.

**പ്ലസ് വൺ സീറ്റുകളുടെ ലഭ്യത ഉറപ്പാക്കാൻ നടപടി**

(*92)ശ്രീ. സജീവ് ജോസഫ്:
ശ്രീ. കെ. ജയന്ത്:
ശ്രീ. വി. എസ്. ജോയി:
ശ്രീ. കെ. പി. നൗഷാദ് അലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് പ്ലസ് വൺ സീറ്റുകളുടെ അലോട്ട്മെന്റിൽ ജില്ലാ തലത്തിൽ ഉണ്ടായിരുന്ന അസന്തുലിതാവസ്ഥ പരിശോധിച്ചിട്ടുണ്ടോ; പ്രസ്തുത അപാകത പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പത്താം തരം പാസായ എല്ലാ കുട്ടികൾക്കും പര്യാപ്തമായ സീറ്റുകൾ പ്ലസ് വൺ തലത്തിൽ ലഭ്യമാണോ; കുട്ടികളുടെ അഭിരുചിയനുസരിച്ച് കോഴ്സ് തിരഞ്ഞെടുക്കാൻ സാധിക്കുന്ന വിധത്തിലാണോ സീറ്റ് അലോട്ട്മെന്റ് ഏർപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കുമോ;

(സി) ഏതൊക്കെ ജില്ലകളിലാണ് പ്ലസ് വണ്ണിന് അധിക സീറ്റ് ആവശ്യമായിവരുന്നതെന്ന് കണക്കാക്കിയിട്ടുണ്ടോ; സീറ്റ് അലോട്ട്മെന്റിനുള്ള ഏകജാലക സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) അവസാന അലോട്ട്മെന്റ് കഴിയുമ്പോൾ എല്ലാ കുട്ടികൾക്കും സീറ്റ് ഉറപ്പാക്കാനും സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്നത് ഒഴിവാക്കാനും വേണ്ട നടപടികൾ കൈക്കൊള്ളുമോ; വിശദമാക്കുമോ?

പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. എൻ. ഷംസുദ്ദീൻ): സർ, (എ) മുൻ സർക്കാരിന്റെ കാലത്ത് പ്ലസ് വൺ സീറ്റുകളുടെ അലോട്ട്മെന്റിൽ ജില്ലാ തലത്തിലുണ്ടായിരുന്ന അസന്തുലിതാവസ്ഥ പരിശോധിച്ചിട്ടുണ്ട്. വിദ്യാഭ്യാസ

ജില്ലാടിസ്ഥാനമാക്കി സീറ്റിന്റെ ആവശ്യകത പരിശോധിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

(ബി) സംസ്ഥാന തലത്തിൽ പത്താംതരം പാസായ എല്ലാ കുട്ടികൾക്കും പര്യാപ്തമായ സീറ്റുകൾ പ്ലസ് വൺ തലത്തിൽ ഗവൺമെന്റ്/എയ്ഡഡ് സ്കൂളുകളിൽ ലഭ്യമല്ല. ഒരു കുട്ടിക്ക് സ്വന്തം ജില്ലയിലെ സ്കൂളുകളോ അല്ലെങ്കിൽ സമീപ ജില്ലകളിലെ സ്കൂളുകളോ തിരഞ്ഞെടുക്കാൻ സാധിക്കുംവിധമാണ് ഏകജാലക പ്രവേശന സംവിധാനം ഒരുക്കിയിട്ടുള്ളത്. ഒരു ജില്ലയിലേയ്ക്ക് ഒരു അപേക്ഷയെന്ന വിധത്തിലാണ് ഓൺലൈനായി അപേക്ഷ സമർപ്പിക്കേണ്ടത്. കുട്ടികളുടെ അഭിരുചിക്കനുസരിച്ച് കോഴ്സുകളും സ്കൂളുകളും തിരഞ്ഞെടുക്കാൻ സാധിക്കും. കുട്ടി താമസിക്കുന്ന ജില്ല, താലൂക്ക്, പഞ്ചായത്ത്, എസ്.എസ്.എൽ.സി. പഠനം പൂർത്തീകരിച്ച സ്കൂൾ, സ്റ്റേറ്റ് സിലബസ്, ലിറ്റിൽ കൈറ്റ് സർട്ടിഫിക്കറ്റ്, സ്റ്റുഡന്റ്സ് പോലീസ് സർട്ടിഫിക്കറ്റ്, സ്കൗട്ട് & ഗൈഡ് സർട്ടിഫിക്കറ്റ്, എൻ.സി.സി. സർട്ടിഫിക്കറ്റ്, ജവാൻമാരുടെ മക്കൾ എന്നീ വിഭാഗങ്ങൾക്ക് ബോണസ് പോയിന്റ് നൽകിയാണ് റാങ്ക് പട്ടിക തയ്യാറാക്കുന്നത്. റാങ്ക് പട്ടികയിൽ ഉയർന്ന WGPA (Weighted Grade Point Average) പരിശോധിച്ചാണ് അലോട്ട്മെന്റുകൾ ഏർപ്പെടുത്തിയിട്ടുള്ളത്.

(സി) പാലക്കാട്, കോഴിക്കോട്, മലപ്പുറം, കാസർഗോഡ് എന്നീ ജില്ലകളിൽ പ്ലസ് വൺ-ന് അധിക ബാച്ചുകളിലൂടെ അധിക സീറ്റുകൾ ആവശ്യമായി വരുമെന്ന് കണക്കാക്കിയിട്ടുണ്ട്. ഈ വർഷത്തെ പ്രവേശന നടപടികൾ പൂർത്തീകരിച്ചശേഷം ഏകജാലക സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. എന്നാൽ ജില്ലാതലത്തിലും, താലൂക്ക് തലത്തിലും സീറ്റിന്റെ ലഭ്യത പരിശോധിക്കുമ്പോൾ മലബാർ മേഖലയിലെ പാലക്കാട്, മലപ്പുറം, കോഴിക്കോട്, കാസർഗോഡ് ജില്ലകളിൽ സീറ്റുകളുടെ അപര്യാപ്തത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതു പരിഹരിക്കുന്നതിനായി പ്രസ്തുത ജില്ലകളിൽ ഈ അധ്യയന വർഷംതന്നെ ആവശ്യത്തിന് അധിക ബാച്ചുകൾ അനുവദിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.

(ഡി) അവസാനത്തെ മുഖ്യ അലോട്ട്മെന്റിനുശേഷവും ഒഴിഞ്ഞു കിടക്കുന്ന സീറ്റുകളിലേക്ക് അലോട്ട്മെന്റ് നടത്തുന്നതിന് സേ പരീക്ഷയിൽ വിജയിച്ച

വിദ്യാർഥികളുൾപ്പെടെ ഇതുവരെ അപേക്ഷിക്കാത്തവരിൽനിന്നും അപേക്ഷകൾ സ്വീകരിച്ച് സപ്ലിമെന്ററി അലോട്ട്മെന്റുകൾ നടത്തിയാണ് ഒഴിഞ്ഞുകിടക്കുന്ന സീറ്റുകളിലേക്ക് പ്രവേശന നടപടികൾ പൂർത്തീകരിക്കുന്നത്. തുടർന്നും സീറ്റുകൾ ഒഴിഞ്ഞ് കിടക്കുന്നപക്ഷം സ്പോട്ട് അഡ്മിഷൻ നടത്തുന്നതിനുള്ള ക്രമീകരണവും ഒരുക്കിയിട്ടുണ്ട്.

ശ്രീ. സജീവ് ജോസഫ്: സർ, കഴിഞ്ഞ വർഷങ്ങളിൽ പ്ലസ് വൺ അഡ്മിഷൻ സംബന്ധിച്ച് നിലനിന്നിരുന്ന അപാകതകൾ പരിഹരിച്ച് കുട്ടികൾക്ക് പഠന സാഹചര്യമൊരുക്കുമെന്ന അങ്ങയുടെ അറിയിപ്പ് വളരെ സന്തോഷത്തോടെ സ്വാഗതം ചെയ്യുകയാണ്. മലബാർ ജില്ലകളിൽ പ്രത്യേകിച്ച് കണ്ണൂർ, കാസർഗോഡ്, മലപ്പുറം, കോഴിക്കോട് ജില്ലകളിൽ സീറ്റുകളുടെ എണ്ണം, സ്കൂളുകളുടെ എണ്ണം വളരെക്കുറവാണ്. ഈ ജില്ലകളിൽതന്നെ ചില പ്രദേശങ്ങൾ തമ്മിലുള്ള ഡിസ്പാരിറ്റി വളരെ കൂടുതലാണ്. സ്കൂളുകൾ അധികവും ടൗൺ പ്രദേശത്തായതുകൊണ്ട് അഡ്മിഷൻ എടുക്കുന്നതിന് മലയോര മേഖലയിൽനിന്ന് പ്രത്യേകിച്ച് ഗ്രാമങ്ങളിൽനിന്നുള്ള കുട്ടികൾക്ക് യാത്ര ബുദ്ധിമുട്ടുമൂലം സാധിക്കുന്നില്ല.

മി. സ്പീക്കർ: അംഗം ചോദ്യത്തിലേയ്ക്ക് വാരേണ്ടതാണ്.

ശ്രീ. സജീവ് ജോസഫ്: സർ, ഇതുമൂലം അൺ എയ്ഡഡ് സ്കൂളുകളിലേയ്ക്കും മറ്റ് കോഴ്സുകളിലേയ്ക്കും കുട്ടികൾ പോകുന്നതിനുവേണ്ടി നിർബന്ധിതരാകുന്നു. ഈ സാഹചര്യത്തിൽ മലയോര മേഖലയിലെയും ഗ്രാമപ്രദേശങ്ങളിലെയും കുട്ടികൾക്ക് താൽപര്യമുള്ള വിഷയങ്ങൾ എടുക്കുന്നതിനുവേണ്ടിയുള്ള സാഹചര്യം ഒരുക്കേണ്ടിയിരിക്കുന്നു. അതുമായി ബന്ധപ്പെട്ട് പുതിയ ബാച്ചുകൾ കൂടാതെ പുതിയ സ്കൂളുകൾ കൂടി അനുവദിക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, അക്കാര്യങ്ങളാണ് ഇവിടെ മുമ്പ് വിശദീകരിച്ചത്. ചില പ്രദേശങ്ങളിൽ, ചില ജില്ലകളിൽ കുട്ടികളുടെ ആവശ്യത്തിനും താൽപര്യത്തിനും അഭിരുചിക്കും അനുസൃതമായി കോഴ്സുകൾ തിരഞ്ഞെടുക്കാൻ സാധിക്കുന്നില്ല. സംസ്ഥാനതലത്തിൽ പരിശോധിക്കുമ്പോൾ ചിലപ്പോൾ ചില ജില്ലകളിലും ചില പ്രദേശങ്ങളിലും സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്നുമുണ്ട്. അൺഎയ്ഡഡ് മേഖലയിലെ സീറ്റുകൾ

മഹാഭൂരിപക്ഷവും ഒഴിഞ്ഞുകിടക്കുന്നതാണ് ഇവയിൽ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം. എന്റെ മറുപടിയുടെ ആദ്യഭാഗത്ത് പറഞ്ഞതുപോലെ, സർക്കാർ എയ്ഡഡ് സ്കൂളുകളിലെ സീറ്റുകളുടെ അപര്യാപ്തത സംസ്ഥാനതലത്തിൽ കൃത്യമായി കാണാൻ സാധിക്കും. അതുകൊണ്ട് ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച മലയോര പിന്നാക്ക മേഖലകളിലെ കുട്ടികൾക്കാവശ്യമായ സീറ്റ് ഉണ്ടാക്കാനുള്ള നടപടികൾ സർക്കാർ സ്വീകരിക്കുന്നതാണ്. ഒരു വിദ്യാഭ്യാസ ജില്ലയിൽനിന്നും എസ്.എസ്.എൽ.സി. പാസാകുന്ന കുട്ടികൾക്ക് അതേ വിദ്യാഭ്യാസ ജില്ലയിൽ പ്ലസ് വണ്ണിന് ആവശ്യത്തിന് സീറ്റുണ്ടാകണമെന്നുള്ള ഒരു തലത്തിലേക്ക് എത്തുകയെന്നുള്ളതാണ് പൊതുവിദ്യാഭ്യാസ വകുപ്പ് ലക്ഷ്യം വയ്ക്കുന്നത്. ഈ വർഷംതന്നെ അതിലേക്ക് എത്താൻ സാധിക്കുകയില്ല, കുറച്ച് സമയമെടുത്ത് ഈ ലക്ഷ്യം പൂർത്തീകരിച്ചാൽ മേൽപ്പറഞ്ഞ പ്രശ്നങ്ങളെല്ലാം പരിഹരിക്കപ്പെടും.

<u>ശ്രീ. സജീവ് ജോസഫ്</u>: സർ, മുമ്പ് കോഴ്സുകൾ അനുവദിച്ച കാലഘട്ടത്തിലെ പഠന സാഹചര്യമോ കാഴ്ചപ്പാടോ അല്ല ഇന്നുള്ളത്. അതനുസരിച്ചുള്ള മാറ്റം നമ്മുടെ സമൂഹത്തിലും കുട്ടികളുടെ പഠന താൽപര്യത്തിലും ഉണ്ടായിട്ടുണ്ട്. ഇത് പരിശോധിക്കുകയും കുട്ടികളുടെ താൽപര്യംകൂടി മുൻനിർത്തിക്കൊണ്ട് എല്ലാ മേഖലയിലും അവർക്ക് ഇഷ്ടപ്പെട്ട വിഷയങ്ങൾ തിരഞ്ഞെടുക്കുന്നതിനുവേണ്ടിയുള്ള ബാച്ചുകളെ സംബന്ധിച്ചും സബ്ജക്ടുകളെ സംബന്ധിച്ചുമുള്ള ഒരു പുനഃക്രമീകരണം ആലോചിക്കുമോ?

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, കഴിഞ്ഞ വർഷമാണ് നമ്മുടെ സിലബസ് പരിഷ്കരണം നടത്തിയത്. കുട്ടികളുടെ അഭിരുചിക്കനുസരിച്ച് കോഴ്സുകൾ തിരഞ്ഞെടുക്കാനുള്ള സംവിധാനം നിലവിലുള്ള ഓൺലൈൻ അലോട്ട്മെന്റുകളിൽ ലഭ്യമാണ്. ഈ രംഗത്ത് ഇനിയും ഏതെങ്കിലും ഭേദഗതികളോ കാലത്തിന് അനുസൃതമായ സംവിധാനങ്ങളോ ഉൾപ്പെടുത്തണമെങ്കിൽ അക്കാര്യം നമുക്ക് ആലോചിക്കാവുന്നതാണ്.

<u>ശ്രീ. കെ. ജയന്ത്</u>: സർ, കഴിഞ്ഞ കാലങ്ങളിൽനിന്നും വ്യത്യസ്തമായി പ്ലസ് വൺ പ്രവേശനവുമായി ബന്ധപ്പെട്ട് വിദ്യാർഥികളുടെ പ്രശ്നം പരിഹരിക്കാൻ ഈ സർക്കാർ മുന്നോട്ടുവന്നതു സംബന്ധിച്ച ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടി കേട്ടപ്പോൾ വളരെ സന്തോഷം തോന്നി. കഴിഞ്ഞ കുറേ കാലങ്ങളായി സംസ്ഥാനത്ത് സ്കൂൾ തുറക്കുന്ന

സമയത്ത് പ്ലസ് വൺ പ്രവേശനവുമായി ബന്ധപ്പെട്ട് വലിയ സംഘർഷമാണ് ഉണ്ടായിട്ടുള്ളത്. ഗ്രാമപ്രദേശങ്ങളുൾപ്പെടെ ധാരാളം ഇടങ്ങളിൽ ഹയർ സെക്കൻഡറി ഇല്ലാത്ത സ്ഥിതിയുണ്ട്. അവിടെ ഹയർ സെക്കൻഡറി സീറ്റുകൾ അനുവദിക്കാനും അതോടൊപ്പം ചിലയിടങ്ങളിൽ വളരെ കുറച്ച് കുട്ടികൾ പഠിക്കുന്നതും ചിലയിടങ്ങളിൽ ധാരാളം കുട്ടികൾ പഠിക്കുന്നതുമായ ഒരു disparity-യുമുണ്ട്. ഭാവിയിൽ പ്ലസ് വൺ പ്രവേശന സമയത്ത് ഇതുപോലെയുള്ള സങ്കടകരമായ സാഹചര്യം ഒരിക്കലും ഉണ്ടാക്കാത്ത രീതിയിൽ വളരെ സമഗ്രമായ ഒരു സിസ്റ്റം ക്രിയേറ്റ് ചെയ്യാൻ ശ്രമിക്കുമോ?

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. ഇന്നത്തെ നമ്മുടെ സ്കൂൾ വിദ്യാഭ്യാസം എന്നുപറയുന്നത് പന്ത്രണ്ടാം ക്ലാസ് വരെയാണ്. സാർവത്രികവും സൗജന്യവുമായ വിദ്യാഭ്യാസം നൽകാൻ നമ്മൾ ബാധ്യസ്ഥരാണ്. എന്നാൽ പത്താം ക്ലാസിനുശേഷം കുട്ടികൾക്ക് പഠിക്കാൻ സാധിക്കാത്ത അവസ്ഥ വരികയാണ്, ഇതിലൂടെ അതൊരു വിദ്യാഭ്യാസ അവകാശത്തിന്റെ നിഷേധം കൂടിയാകുകയാണ്. മുമ്പ് പറഞ്ഞവിധത്തിൽ ഇക്കാര്യങ്ങളൊക്കെ പുനഃക്രമീകരിക്കുകയെന്നുള്ളത് കുറച്ച് ശ്രമകരമായ കാര്യമാണ്. ഒരുവർഷംകൊണ്ട് പൂർത്തിയാകില്ലെങ്കിലും വിദ്യാഭ്യാസ ജില്ല അടിസ്ഥാനത്തിൽ പാസ്സാകുന്ന മുഴുവൻ കുട്ടികൾക്കും അവരുടെ അഭിരുചിക്കനുസരിച്ചുള്ള കോഴ്സുകൾ ലഭ്യമാക്കാനുള്ള ഒരു അവസ്ഥയിലേക്കെത്തുകയാണ് നമ്മുടെ ലക്ഷ്യം. രണ്ടുമൂന്ന് വർഷംകൊണ്ട് നമുക്ക് ആ ലക്ഷ്യത്തിലേക്ക് എത്താൻ സാധിക്കും.

ശ്രീ. വി. എസ്. ജോയി: സർ, മലബാർ മേഖലയിൽ പൊതുവായും മലപ്പുറം ജില്ലയിൽ പ്രത്യേകിച്ചും പ്ലസ് വൺ സീറ്റുകളുടെ അപര്യാപ്തത അതിരൂക്ഷമാണ്. മുൻകാലങ്ങളിൽ പുതിയ ബാച്ചുകൾ അനുവദിക്കുന്നതിനുപകരം marginal increasing ആണ് നടത്തിയിട്ടുള്ളത്. ഇരുപതും മുപ്പതും ശതമാനം സീറ്റുകൾ വർധിപ്പിച്ചുകൊണ്ട് ഓരോ ക്ലാസിലും അറുപതും അറുപത്തിയഞ്ചും കുട്ടികൾ തിങ്ങിയിരുന്ന് പഠിക്കുന്ന സാഹചര്യമാണുള്ളത്. അധ്യാപകർക്ക് കുട്ടികളെ വേണ്ടത്ര ശ്രദ്ധിക്കാൻ കഴിയാത്ത പ്രയാസവുമുണ്ട്. ഇത് വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരത്തെ കാര്യമായി ബാധിക്കുന്ന

വിഷയമായതിനാൽ marginal increasing പൂർണമായി കുറച്ച് ഒരു ക്ലാസിലെ വിദ്യാർത്ഥികളുടെ എണ്ണം അൻപതായി നിജപ്പെടുത്താൻ സാധിക്കുമോ; ഇത് സംബന്ധിച്ച എന്തെങ്കിലും തീരുമാനമുണ്ടോ?

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. വി. എസ്. ജോയി സൂചിപ്പിച്ചത് വളരെ പ്രധാനപ്പെട്ട സംഗതിയാണ്. ഇപ്പോൾ marginal increase കൊടുത്ത് സർക്കാർ സ്കൂളിലെ ഒരു പ്ലസ് വൺ ക്ലാസിൽ അറുപത്തിയഞ്ച് കുട്ടികളാണുള്ളത്. യഥാർത്ഥത്തിൽ ഒരു അധ്യാപകന് ഒരു ക്ലാസിൽ കൺട്രോൾ ചെയ്യാൻ കഴിയുന്ന കുട്ടികളുടെ അനുപാതം 1:40 എന്നത് മാക്സിമമാണ്, പ്ലസ് വൺ ക്ലാസുകളിൽ അത് 1:50 എന്നതാണ്. എന്നാൽ, സർക്കാർ സ്കൂളുകളിൽ 1:65 എന്ന അനുപാതത്തിലും എയ്ഡഡ് സ്കൂളുകളിൽ 1:60 എന്ന അനുപാതത്തിലുമാണ് കഴിഞ്ഞ കുറെ വർഷങ്ങളായി വളരെ എളുപ്പത്തിൽ കൂടുതൽ കുട്ടികളെ accommodate ചെയ്ത് സീറ്റ് നൽകുന്നതിനുവേണ്ടി ചെയ്തുവരുന്നത്. ഇത് കുറച്ചു കൊണ്ടുവരേണ്ടതാണ്. ഞാൻ മുമ്പുസൂചിപ്പിച്ച ലക്ഷ്യത്തിലേക്ക് എത്തുമ്പോൾ 1:50 എന്ന മാനദണ്ഡം നമുക്ക് നിലനിർത്തിക്കൊണ്ടുപോകാൻ സാധിക്കും.

ശ്രീ. കെ. പി. നൗഷാദ് അലി: സർ, കേരളത്തിലെ ഒട്ടുമിക്ക കാമ്പസുകളിൽനിന്നും പഠിച്ചിറങ്ങുന്ന കുട്ടികളും മലയാള ഇതര ആംഗലേയ ഭാഷയുൾപ്പെടെയുള്ളവയിൽ വലിയ പരിമിതികൾ നേരിടുന്നവരാണ്, LLM (Master of Laws), PhD (Doctor of Philosophy) എന്നിവയൊക്കെ നേടിയ ആളുകൾപോലും പ്രയാസപ്പെടുന്ന കാഴ്ചകൾ നമ്മുടെ മുമ്പിലുണ്ട്. ഭാഷാ പരിജ്ഞാനം സിലബസുകളിൽനിന്നും അൽപം അകന്നുപോയതിന്റെ ദോഷമാണോയെന്ന് അറിയില്ല, പൊതുവിദ്യാഭ്യാസ സൂചികയിൽ കേരളത്തേക്കാൾ വളരെ പിന്നിൽ നിൽക്കുന്ന സംസ്ഥാനങ്ങളിൽനിന്നുള്ള ബിരുദധാരികൾ വളരെ മനോഹരമായി അവരുടെ മാതൃഭാഷയും മറ്റിതര ഭാഷകളിലും സ്വാധീനമുള്ളവരാകുന്നു. നമ്മുടെ കുട്ടികൾ അതിൽ അപകർഷതാബോധം പൂണ്ട് പിന്നിൽനിൽക്കുന്ന കാഴ്ചയാണ് കാണുന്നത്. പ്ലസ് വൺ മുതൽ നമ്മുടെ കുട്ടികൾക്ക് ആഴ്ചയിൽ രണ്ടുമണിക്കൂർ വീതമെങ്കിലും ഇംഗ്ലീഷ് ഉൾപ്പെടെയുള്ള ഭാഷകളിൽ പരിജ്ഞാനവും സോഫ്റ്റ് സ്കിൽ ഡെവലപ്മെന്റുമൊക്കെ ഉൾപ്പെടുത്തി അധിക്ഷണലായ സഹായകസംവിധാനം ആരംഭിക്കാൻ സാധിക്കുമോ?

*29-06-2026*
*Question Hour*

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഇതൊരു നല്ല നിർദേശമാണ്. നമ്മുടെ കുട്ടികളിൽ പലപ്പോഴും ഇംഗ്ലീഷിലുള്ള പരിജ്ഞാനത്തിന്റെയും നൈപുണ്യത്തിന്റെയും കുറവ് പ്രകടമാണ്. നമ്മുടെ കുട്ടികളുടെ ഇംഗ്ലീഷ് improve ചെയ്യാൻ പല സ്കൂളുകളിലും വ്യത്യസ്തമായ പ്രോഗ്രാമുകൾ നടക്കുന്നുണ്ട്. മുമ്പ് സൂചിപ്പിച്ചതുപോലെ ഡിപ്പാർട്ട്മെന്റ് തലത്തിൽ ഇതിനുമുമ്പും അത്തരത്തിലുള്ള നടപടികളുണ്ടായിട്ടുണ്ട്. വിദ്യാഭ്യാസ സംവിധാനത്തിൽ മൊത്തത്തിലുള്ള ക്വാളിറ്റി improve ചെയ്യുമ്പോൾ ബഹുമാനപ്പെട്ട അംഗത്തിന്റെ നിർദേശംകൂടി കണക്കിലെടുത്തുകൊണ്ട് ഇംഗ്ലീഷ് ഭാഷയുടെ improvement-നുവേണ്ടിയുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നത് പരിഗണിക്കാവുന്നതാണ്.

ശ്രീ. എം. വിജിൻ: സർ, പ്ലസ് വൺ സീറ്റുകളുടെ പുനഃക്രമീകരണത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറയുകയുണ്ടായി. മുമ്പ് ശാസ്ത്രീയമായ പഠനം നടത്താതെ ബാച്ചുകൾ അനുവദിച്ചതിന്റെ ഭാഗമായി പല സ്കൂളുകളിലും കുട്ടികളുടെ കുറവുമൂലം ബാച്ചുകൾ നഷ്ടപ്പെടുന്ന സ്ഥിതിയുണ്ട്. ഭാവിയിൽ പുനഃക്രമീകരണം വരുമ്പോൾ ശാസ്ത്രീയമായ ഒരു പഠനം നടത്തിയുള്ള ക്രമീകരണത്തിന് തയ്യാറാകുമോ?

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഈ വിഷയത്തിൽ പ്രൊഫ. വി. കാർത്തികേയൻ നായരുടെ നേതൃത്വത്തിൽ പഠനം നടത്തിയ ഒരു റിപ്പോർട്ട് കഴിഞ്ഞ സർക്കാരിന്റെ മുമ്പാകെ ഉണ്ടായിരുന്നു. ദൗർഭാഗ്യകരമായി പറയട്ടെ, കഴിഞ്ഞ സർക്കാർ നിയമിച്ച കാർത്തികേയൻ കമ്മിറ്റിയുടെ റിപ്പോർട്ടിന്മേൽ അവർ ഒരു നടപടിയും സ്വീകരിച്ചില്ല. ടി റിപ്പോർട്ടിൽ കൃത്യമായ പുനഃക്രമീകരണത്തെക്കുറിച്ചും അഡീഷണൽ ബാച്ചുകൾ അനുവദിക്കേണ്ട മേഖലകളെക്കുറിച്ചും വളരെ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. ഏതായാലും ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച ആശങ്ക പരിഹരിക്കുന്നതിനുള്ള നടപടികളുണ്ടാകും.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, അഡീഷണൽ ബാച്ചുകളെയും 1:40 എന്ന അനുപാതത്തെയും സംബന്ധിച്ച് ബഹുമാനപ്പെട്ട അംഗം ശ്രീ. വി. എസ്. ജോയി-യുടെ ചോദ്യത്തിന് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയുകയുണ്ടായി. ഉന്നത വിദ്യാഭ്യാസരംഗത്തേക്ക് പോകുമ്പോൾ ഏറ്റവും അടിസ്ഥാനപരമായ ഒരു മേഖലയാണ് പ്ലസ്

വൺ-പ്ലസ് ടു സീറ്റുകൾ. ഏകദേശം അറുപത്തിയഞ്ചോളം കുട്ടികൾ ഒരു ക്ലാസിൽ ഇരിക്കുന്നുവെന്നുള്ളതുകൊണ്ടാണ് വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം കുറയുന്നത്. കുട്ടികളുടെ എണ്ണം കണക്കാക്കുമ്പോൾ 1:40 അല്ലെങ്കിൽ 1:50 കഴിഞ്ഞ് ബാക്കിയുള്ള കുട്ടികളെക്കൂടി കണക്കിലെടുത്ത് പ്ലസ് വൺ ബാച്ച് അനുവദിക്കുന്ന കാര്യം പരിഗണിക്കാനും അതിലൂടെ വിദ്യാഭ്യാസ ഗുണനിലവാരം വർധിപ്പിക്കാനും ആവശ്യമായ നടപടികൾ സ്വീകരിക്കാൻ സാധിക്കുമോ?

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, നിലവിലുള്ള 1:65 എന്നുള്ളത് നമുക്ക് മാനദണ്ഡമായി സ്വീകരിക്കാൻ സാധിക്കുകയില്ല, കുറെയധികം കുട്ടികൾക്ക് സീറ്റില്ലാതെയാകുന്നുവെന്ന അടിയന്തര സാഹചര്യം മറികടക്കാനായി എടുത്ത ഒരു താൽക്കാലിക measure മാത്രമാണ് അത്. നിലവിൽ എല്ലാ ഭൗതിക സാഹചര്യവും ഉള്ളയിടത്ത് അഡ്ജസ്റ്റ് ചെയ്യുകയാണുണ്ടായത്. വളരെ പെട്ടെന്ന് ഭൗതിക സാഹചര്യങ്ങളെല്ലാം ഉണ്ടാക്കിയെടുത്ത് സീറ്റ് കൊടുക്കാൻ സാധിക്കില്ലായെന്നുള്ളതുകൊണ്ടാണ് കഴിഞ്ഞ കാലങ്ങളിൽ ഈ രീതി സ്വീകരിച്ചത്. ഇതൊരിക്കലും മാനദണ്ഡമാക്കാൻ സാധിക്കില്ല. പ്ലസ് വണ്ണിന് നിലവിലെ 1:50 എന്ന അനുപാതത്തിലൂടെ നമുക്ക് കാര്യങ്ങൾ മുന്നോട്ടുകൊണ്ടുപോകാം.

<u>ശ്രീ. വി. ടി. സൂരജ്</u>: സർ, കഴിഞ്ഞ വർഷങ്ങളിലൊക്കെ പ്ലസ് വൺ സീറ്റുകളുടെ അപര്യാപ്തതമൂലം വലിയ സമരങ്ങൾ നടന്ന ജില്ലയാണ് കോഴിക്കോട്. ഈ സമയങ്ങളിൽ പ്രതിസന്ധി പരിഹരിക്കുന്നതിനായി സീറ്റ് വർധിപ്പിക്കുന്നതാണ് പലപ്പോഴും കണ്ടിട്ടുള്ളത്. സർക്കാരിന്റെ ഭാഗത്തുനിന്നും അഡീഷണൽ ബാച്ചുകൾ വർധിപ്പിക്കുന്നതിനുള്ള ഏതെങ്കിലും നടപടികളുണ്ടോ; സംസ്ഥാനത്ത് എവിടെയെങ്കിലും ബാച്ചുകൾ ഒഴിഞ്ഞുകിടക്കുന്നുണ്ടോ?

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, ഈ വിഷയം മുമ്പ് വിശദീകരിച്ചതാണ്. സംസ്ഥാനത്ത് എവിടെയും ബാച്ചുകൾ ഒഴിഞ്ഞുകിടക്കുന്നില്ല. എന്നാൽ കുട്ടികൾ കുറവുള്ള ബാച്ചുകൾ പല ജില്ലകളിലുമുണ്ട്. അവയിൽ ചിലത് കഴിഞ്ഞ വർഷങ്ങളിൽ പുനഃക്രമീകരിച്ച് മറ്റ് ജില്ലകളിലേക്ക് നൽകിയിട്ടുണ്ട്. എയ്ഡഡ് സ്കൂളുകളിലെ ബാച്ചുകളിൽ അത്തരത്തിൽ

കാതലായ മാറ്റം വരുത്തിയിട്ടില്ല. ഇപ്രാവശ്യം ഈ പ്രശ്നം പരിഹരിക്കുന്നതിനായി ഗണ്യമായി സീറ്റുകൾ കുറവുള്ളയിടങ്ങളിൽ താൽക്കാലിക ബാച്ചുകൾ അനുവദിക്കുന്നതിനെക്കുറിച്ചാണ് ഗവൺമെന്റ് ആലോചിക്കുന്നത്. ഈ പ്രശ്നം ശാശ്വതമായി പരിഹരിക്കുന്നതിന് ചില ഹോംവർക്കുകൾ ചെയ്യേണ്ടതായുണ്ട്. അതിനുള്ള സമയം ഈ വർഷമില്ലെന്നുള്ളത് എല്ലാവർക്കും അറിയാം. പുതിയ ഗവൺമെന്റ് അധികാരത്തിലെത്തിയതും പ്ലസ് വൺ പ്രവേശന നടപടികൾ ആരംഭിച്ചതും ദിവസങ്ങളുടെ വ്യത്യാസത്തിലാണ്. ഇപ്രാവശ്യം ഇതിനായുള്ള ഹോംവർക്കിന് സമയക്കുറവുണ്ടെങ്കിലും സീറ്റുകളുടെ കാര്യത്തിൽ വലിയ രൂക്ഷമായ സാഹചര്യമുള്ള ജില്ലകളിൽ അഡീഷണൽ ബാച്ചുകൾ അനുവദിക്കുന്നതിനെക്കുറിച്ചാണ് ഗവൺമെന്റ് ആലോചിക്കുന്നത്.

<u>ശ്രീ. ടി. പി. അഷ്റഫലി</u>: സർ, സംസ്ഥാനത്തെ പ്ലസ് വൺ പ്രവേശനത്തിന് ഇന്ന് മുതൽ തുടക്കമായിരിക്കുകയാണ്. പ്ലസ് വണ്ണിൽ 25082 സീറ്റുകളുടെ കുറവുണ്ടെന്നാണ് മലപ്പുറം ജില്ലയിലെ ഒരു പത്രം ഇന്ന് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ഇതിന്മേലുള്ള സർക്കാർ നടപടി ഇനിയും വൈകിപ്പിക്കാതെ വേഗത്തിലാക്കുമോ; കാർത്തികേയൻ കമ്മീഷൻ റിപ്പോർട്ട് ഉൾപ്പെടെ സർക്കാരിനുമുമ്പിലുള്ള റിപ്പോർട്ടുകൾ പൂർണമായും നടപ്പാക്കി പ്ലസ് വൺ/പ്ലസ് ടു മേഖലയിലെ സമഗ്ര പരിഷ്കരണത്തിന് സർക്കാർ തയ്യാറാകുമോ?

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചത് വളരെ കൃത്യമായ കാര്യമാണ്. പ്ലസ് വൺ സീറ്റ് പ്രതിസന്ധി ഏറ്റവും രൂക്ഷമായ രീതിയിൽ നേരിടുന്ന ഒരു ജില്ല മലപ്പുറമാണ്. കഴിഞ്ഞ വർഷങ്ങളിലും സമാന സ്ഥിതിയാണുണ്ടായിരുന്നത്. അതുകൊണ്ട് മലപ്പുറം ഉൾപ്പെടെയുള്ള ജില്ലകളിൽ പൂർണമായൊരു പരിഹാരത്തിന് ഈ വർഷം സാധ്യമല്ലെങ്കിലും താൽക്കാലിക ബാച്ചുകൾ അനുവദിച്ചുകൊണ്ട് ഈ വർഷത്തെ പ്രതിസന്ധി പരിഹരിക്കാനും അടുത്ത വർഷം മുതൽ കൃത്യമായ ഒരു പുനഃക്രമീകരണത്തിലൂടെയും പുതിയ സ്കൂളുകൾ സ്ഥിരമായി അനുവദിച്ചും ഈ പ്രശ്നത്തിന് പരിഹാരമുണ്ടാക്കാനാണ് സർക്കാർ ആലോചിക്കുന്നത്.

*29-06-2026*
*Question Hour*

ശ്രീ. സി. വി. ശാന്തകുമാർ: സർ, സംസ്ഥാനത്ത് പ്ലസ് വൺ സീറ്റുകൾ വർധിപ്പിക്കുമ്പോൾ എസ്.സി./എസ്.ടി. വിദ്യാർഥികളുടെ എണ്ണത്തിന് ആനുപാതികമായി സീറ്റ് വർധിപ്പിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ? പലയിടത്തും ഈ വിഭാഗത്തിലെ കുട്ടികൾക്ക് യാത്ര, ഹോസ്റ്റൽ സൗകര്യങ്ങൾ എന്നിവയ്ക്ക് വളരെ പ്രയാസമുണ്ട്. പല വിദ്യാർഥികൾക്കും ദൂരെ പോയി പഠിക്കേണ്ട അവസ്ഥയുണ്ട്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഇക്കാര്യത്തിൽ നിലവിലൊരു സംവരണ സംവിധാനമുണ്ട്. അതിനപ്പുറത്തേയ്ക്ക് ആലോചിച്ചിട്ടില്ല. എന്നിരുന്നാലും ഇത്തരം പ്രയാസങ്ങൾ പരിഗണിച്ച് എല്ലാ സർക്കാരുകളുടെ കാലത്തും സ്പെഷ്യൽ ഓർഡറുകൾ ചില കുട്ടികളുടെ വിഷയത്തിൽ പുറപ്പെടുവിക്കാറുണ്ട്. പ്രസ്തുത വിദ്യാർഥികൾക്കായി നിലവിലൊരു നിശ്ചിത ശതമാനം സംവരണമുണ്ട്. ആ സംവരണം കൃത്യമായി പാലിച്ചുപോകുന്നുമുണ്ട്.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, വളരെ ആശ്വാസകരമായ മറുപടികളാണ് ബഹുമാനപ്പെട്ട പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പുമന്ത്രി നൽകിക്കൊണ്ടിരിക്കുന്നത്. അധിക ബാച്ചുകൾ അനുവദിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുന്നത് അഭിനന്ദനാർഹമാണ്. സീറ്റുകളുടെ കാര്യത്തിൽ കഴിഞ്ഞ മൂന്നുവർഷങ്ങളായി പൊതുവിദ്യാഭ്യാസ വകുപ്പ് അനുവർത്തിച്ചുകൊണ്ടിരിക്കുന്ന കാര്യങ്ങളാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞുകൊണ്ടിരിക്കുന്നത്. പ്ലസ് വൺ ക്ലാസ്സുകളിലെ വിദ്യാർഥി-അധ്യാപക അനുപാതമായ 1:40, 1:65 എന്നിവയെക്കുറിച്ച് ഇവിടെ പരാമർശിച്ചു. കേരള വിദ്യാഭ്യാസ നിയമപ്രകാരം (KER) ഹൈസ്കൂളുകളുടെ വിദ്യാർഥി-അധ്യാപക അനുപാതം 1:40 ആണ്. അതേസമയം ഹയർ സെക്കൻഡറിയുടെ സ്പെഷ്യൽ റൂൾ പ്രകാരം ഒരു ബാച്ചിൽ 50 കുട്ടികളെയാണ് ഉൾപ്പെടുത്തേണ്ടത്. ഇതുസംബന്ധിച്ച് 2015-ലെ കോടതി ഉത്തരവിൽ 50-ലധികം കുട്ടികളെ ഒരു ക്ലാസിലിരുത്താൻ പാടില്ലെന്നും കുത്തിനിറച്ച ക്ലാസ് റൂമുകൾ കൊണ്ടാണ് റിസൽട്ടും ക്വാളിറ്റിയും കുറഞ്ഞുപോകുന്നതെന്നും പറയുന്നുണ്ട്. ഓരോ വർഷവും മലപ്പുറം ജില്ലയിൽ ഹയർ സെക്കൻഡറി വിജയശതമാനം കുറഞ്ഞുവരികയാണ്. ഈ പ്രശ്നത്തിനുള്ള മറുപടിയാണ് ബഹുമാനപ്പെട്ട പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പുമന്ത്രി പറഞ്ഞുകൊണ്ടിരിക്കുന്നത്. ഇക്കാര്യം മലപ്പുറം ജില്ലയ്ക്കും മലബാറിനുമൊക്കെ

വളരെ ആശ്വാസകരമാകും. അതിനോടൊപ്പം കാർത്തികേയൻ കമ്മിറ്റിയിൽ പറഞ്ഞിരിക്കുന്നത് വിദ്യാഭ്യാസ ജില്ല മാനദണ്ഡമാക്കി എന്നല്ല മറിച്ച് ഇത് താലൂക്കടിസ്ഥാനത്തിലാക്കുന്നതല്ലേ കൂടുതൽ അനുയോജ്യം എന്നാണ്. ഇക്കാര്യത്തിലുള്ള നിലപാട് വ്യക്തമാക്കാമോ?

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, കാർത്തികേയൻ കമ്മിറ്റിയിൽ വിദ്യാഭ്യാസ ജില്ല എന്നത് താലൂക്ക് എന്ന് പറഞ്ഞിട്ടുണ്ടെങ്കിൽ എനിക്കുതോന്നുന്നത് താലൂക്കും വിദ്യാഭ്യാസ ജില്ലയും ഏകദേശം ഒരേ ഭൂവിസ്തൃതിയും ചുറ്റുപാടുമൊക്കെയാണെന്നാണ്. വലിയ വ്യത്യാസമുണ്ടാവില്ല. ഏറ്റവും കുറഞ്ഞ യൂണിറ്റ് ഏതാണോ അത് എടുക്കുന്നതായിരിക്കും ഉചിതം.

മറ്റൊന്ന്, വിദ്യാർഥി-അധ്യാപക അനുപാതത്തിന്റെ കാര്യം ഞങ്ങളും സമ്മതിക്കുന്നു. 1:65 അനുപാതത്തിൽ വിദ്യാഭ്യാസത്തിന്റെ ഗുണനിലവാര തകർച്ചയുണ്ടാകുന്നു. ഒരു അധ്യാപകന് വിദ്യാർഥികളെ നോക്കുന്നതിന് എണ്ണത്തിന് ഒരു പരിധിയുണ്ട്. അത് 1:50 തന്നെ മാനദണ്ഡമാക്കി പോകണം എന്നുതന്നെയാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

<u>ശ്രീ. സജി ചെറിയാൻ</u>: സർ, നമ്മുടെ ഭൂരിഭാഗം കുട്ടികളും ഏറ്റവും കൂടുതൽ ആഗ്രഹിക്കുന്നത് സയൻസ്, കമ്പ്യൂട്ടർ കോഴ്സുകളാണ്. നിലവിൽ നമ്മുടെ പല സ്കൂളുകളിലും ആവശ്യത്തിന് അടിസ്ഥാനസൗകര്യവും മറ്റ് സംവിധാനങ്ങളുമുണ്ട്. സർക്കാർ സ്കൂളുകളിൽ അത്തരത്തിലുള്ള അഡീഷണൽ സയൻസ്, കമ്പ്യൂട്ടർ കോഴ്സുകൾ ആരംഭിക്കാൻ എന്തെങ്കിലും തരത്തിലുള്ള നടപടി സർക്കാർ സ്വീകരിക്കുമോ?

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, അതാണ് നമ്മൾ ചർച്ച ചെയ്തുകൊണ്ടിരിക്കുന്നത്. ഇപ്പോൾ സർക്കാരിനുമുന്നിൽ സമയം കുറവായതുകൊണ്ട് സീറ്റുകളുടെ ലഭ്യതക്കുറവുള്ള പ്രദേശങ്ങളിൽ പുതിയ താൽക്കാലിക ബാച്ചുകൾ അനുവദിക്കാനും വരുംവർഷങ്ങളിൽ ഇത് സ്ഥിരമായി പരിഹരിക്കാൻ പെർമെനന്റ് ബാച്ചുകൾ നൽകുന്നതിനെക്കുറിച്ചും ആലോചിക്കാം. ഇവിടെ സയൻസ് ബാച്ചുകളെക്കുറിച്ച് പറഞ്ഞു, ചില സബ്ജക്ട് കോമ്പിനേഷനുകളിൽ മാറ്റം വരുത്താവുന്നതാണ്. ചിലയിടത്ത് കൊടുത്ത സബ്ജക്ടിൽ കുട്ടികൾക്ക് താൽപര്യക്കുറവുണ്ടെങ്കിൽ താൽപര്യമുള്ള മറ്റു സബ്ജക്ടുകളുടെ കോമ്പിനേഷൻ മാറ്റാനും

അനുവദിച്ച വിഷയങ്ങൾ റീ-അറേഞ്ച് ചെയ്യാനും സാധിക്കും. അതൊക്കെ പുനഃസംവിധാനത്തിന്റെ ഭാഗമാക്കി കൊണ്ടുവരാൻ ശ്രമിക്കാം.

**റവന്യൂ വകുപ്പിന്റെ സമ്പൂർണ്ണ ഡിജിറ്റൈസേഷൻ**

3 (*93) ശ്രീമതി ഉമ തോമസ്:
ശ്രീ. സെബാസ്റ്റ്യൻ എം. ജെ:
ശ്രീ. എ. ഡി. തോമസ്:
ശ്രീ. പഴകുളം മധു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരേഖകൾ ലഭ്യമാക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനും അനുബന്ധ സർക്കാർ സേവനങ്ങൾ സുരക്ഷിതവും സുതാര്യവുമാക്കുന്നതിനുമായി ഡിജിറ്റൽ സംവിധാനങ്ങൾ ശക്തിപ്പെടുത്തുമോ; വ്യക്തമാക്കുമോ;

(ബി) മുൻ സർക്കാർ തുടങ്ങിവച്ച ഡിജിറ്റൽ സർവെയുടെ തൽസ്ഥിതി വ്യക്തമാക്കാമോ; അതിൻപ്രകാരം ആകെ എത്ര ശതമാനം സർവെ പൂർത്തിയായിട്ടുണ്ടെന്നും എത്ര പദ്ധതികൾ ഇനി പൂർത്തീകരിക്കാനുണ്ടെന്നുമുള്ള കണക്കുകൾ ലഭ്യമാക്കാമോ;

(സി) റവന്യൂ വകുപ്പിന്റെ സമ്പൂർണ്ണ ഡിജിറ്റൈസേഷന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ): സർ,

(എ) ഭൂരേഖകൾ ലഭ്യമാക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനും അനുബന്ധ സർക്കാർ സേവനങ്ങൾ സുരക്ഷിതവും സുതാര്യവുമാക്കുന്നതിനായി ഡിജിറ്റൽ സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രധാന ഭൂരേഖകളായ അടിസ്ഥാന ഭൂനികുതി രജിസ്റ്റർ (BTR), തണ്ടപ്പേർ രജിസ്റ്റർ എന്നിവ പൂർണ്ണമായും ഡിജിറ്റൈസ് ചെയ്ത് റവന്യൂ ലാൻഡ് ഇൻഫർമേഷൻ സിസ്റ്റം (ReLIS) പോർട്ടൽവഴി ലഭ്യമാക്കിവരുന്നു. കൂടാതെ, റവന്യൂ, രജിസ്ട്രേഷൻ, സർവെ വകുപ്പുകളുടെ സേവനങ്ങൾ Integrated Land Information Management System (ILIMS) മുഖേന

ഏകീകൃതമായി ലഭ്യമാക്കിവരുന്നു. ഡിജിറ്റൽ സർവെ പൂർത്തീകരിച്ച വില്ലേജുകളിലെ ഡിജിറ്റൽ സർവെ രേഖകൾ സംസ്ഥാനത്ത് നടപ്പാക്കിവരുന്ന ഡിജിറ്റൽ സർവെ പദ്ധതിയുടെ ഭാഗമായി വികസിപ്പിച്ച 'എന്റെ ഭൂമി' പോർട്ടലിലും ലഭ്യമാക്കിയിട്ടുണ്ട്. ഇതോടൊപ്പം, ഈ വില്ലേജുകളിലെ ലഭ്യമായ മുൻ സർവെ രേഖകളും റീസർവെ വില്ലേജുകളിലെ എഫ്.എം.ബി-കളും മുൻ സെറ്റിൽമെന്റ് രേഖകളും പൊതുജനങ്ങൾക്ക് ഓൺലൈനായി പരിശോധിക്കുന്നതിനും സർക്കാർ നിശ്ചയിച്ചിട്ടുള്ള ഫീസ് അടച്ച് ഡൗൺലോഡ് ചെയ്യുന്നതിനും സൗകര്യം ഒരുക്കിയിട്ടുണ്ട്.

(ബി) റീബിൽഡ് കേരള പദ്ധതിയിലുൾപ്പെടുത്തി സംസ്ഥാനത്ത് ഡിജിറ്റൽ സർവെ ചെയ്യേണ്ട 1550 വില്ലേജുകളിൽ ഒന്നും രണ്ടും ഘട്ടങ്ങളിലായി 839 വില്ലേജുകളിൽ ഡിജിറ്റൽ സർവെ പ്രവർത്തനങ്ങൾക്ക് തുടക്കമായിട്ടുള്ളതും നിലവിൽ പദ്ധതിയുടെ ഭാഗമായി ഇതുവരെ 72.73 ലക്ഷം ലാൻഡ് പാർസലുകളിലായി 10.42 ലക്ഷം ഹെക്ടർ ഭൂമിയുടെ സർവെ പൂർത്തീകരിച്ചിട്ടുള്ളതുമാണ്. അതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| 1 | ഡിജിറ്റൽ സർവെ പൂർത്തീകരിച്ച് സെക്ഷൻ 13 വിജ്ഞാപനം പ്രസിദ്ധീകരിച്ച് സേവനം നൽകിവരുന്നത് | 228 വില്ലേജുകൾ | 14.71% |
| 2 | ഡിജിറ്റൽ സർവെ പൂർത്തീകരിച്ച് സെക്ഷൻ 9(2) വിജ്ഞാപനം പ്രസിദ്ധീകരണ ഘട്ടത്തിലുള്ള വില്ലേജുകളുടെ എണ്ണം | 146 വില്ലേജുകൾ | 9.41% |
| 3 | ഡിജിറ്റൽ സർവെ പുരോഗമിക്കുന്നത് | 221 വില്ലേജുകൾ | 14.26% |
| 4 | റിക്കാർഡ് ശേഖരണം, ഡിജിറ്റൈസേഷൻ തുടങ്ങിയ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചത് | 244 വില്ലേജുകൾ | 15.74% |
| 5 | ആകെ ഡിജിറ്റൽ സർവെ ആരംഭിച്ചത് | 839 വില്ലേജുകൾ | 54.12% |
| 6 | സർവെ പൂർത്തിയായ വിസ്തീർണ്ണം | 10.42 ലക്ഷം ഹെക്ടർ | 27% |
| 7 | പദ്ധതി പ്രകാരം സർവെ ആരംഭിക്കാനുള്ള വില്ലേജുകൾ | 711 വില്ലേജുകൾ | 45.88% |

(സി) റവന്യൂ വകുപ്പിന്റെ സേവനങ്ങൾ ജനങ്ങളിലേക്കും വേഗത്തിലും സുതാര്യമായും എത്തിക്കുന്നതിനായി വിപുലമായ ഡിജിറ്റൈസേഷൻ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്. അതിനായി വിവിധ ഓൺലൈൻ പോർട്ടലുകൾ/ആപ്ലിക്കേഷനുകൾ പ്രവർത്തനസജ്ജമാക്കി

വിവിധ സേവനങ്ങൾ നൽകിവരുന്നു. സമ്പൂർണ്ണ ഡിജിറ്റൈസേഷൻ ലക്ഷ്യമാക്കി നടപ്പാക്കിയിട്ടുള്ള ഡിജിറ്റൽ സംവിധാനങ്ങൾ ചുവടെ ചേർക്കുന്നു.

1. റവന്യൂ ലാൻഡ് ഇൻഫർമേഷൻ സിസ്റ്റം - ReLIS (https://revenue.kerala.gov.in)
2. ലാൻഡ് റവന്യൂ പോർട്ടൽ - https://landrevenue.kerala.gov.in/
3. ഇ-ഡിസ്ട്രിക്ട് (www.edistrict.kerala.gov.in)
4. ആർ.ആർ. ഓൺലൈൻ
5. Revenue Recovery Digital Payment
6. ഇ-ഓഫീസ്
7. വില്ലേജ് വെബ്സൈറ്റ് (https://village.kerala.gov.in/)
8. Village Office Management Information System (VOMIS) (https://vomis.kerala.gov.in/)
9. സ്യൂട്ട് മോണിറ്ററിംഗ് സിസ്റ്റം (https://suit.revenue.kerala.gov.in)
10. റവന്യൂ ഇൻസ്പെക്ഷൻ മാനേജ്മെന്റ് സിസ്റ്റം (https://rims.kerala.gov.in)
11. ന്യൂ ജനറേഷൻ e-Pos Machine
12. ഇലക്ട്രോണിക് മോർട്ട്ഗേജ് റെക്കോർഡർ (https://emr.kerala.gov.in/)
13. ഡിജിറ്റൽ റവന്യൂ കാർഡ് (https://digitalrevenuecard.kerala.gov.in/)
14. Kerala Government Land Assignment Regularization of Contraventions - KLARC (https://klarc.kerala.gov.in/)

മേൽപ്പറഞ്ഞവയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.+

ശ്രീമതി ഉമ തോമസ്: സർ, ഡിജിറ്റൈസ് ചെയ്ത റവന്യൂ ഡാറ്റയുടെ സുരക്ഷയും സ്വകാര്യതയും ഉറപ്പാക്കാൻ എന്തെല്ലാം സൈബർ സുരക്ഷാ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഡിജിറ്റൽ സർവെയുമായി ബന്ധപ്പെട്ട് ജോലി ചെയ്യുന്ന സർവെയർ, ഹെൽപ്പർ തുടങ്ങിയവരുടെ ശമ്പളം മുടങ്ങിയത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; അവർക്ക് ശമ്പളം നൽകാനുള്ള നടപടിയുണ്ടാകുമോ?

+ അനുബന്ധമായി ചേർക്കുന്നു.

*29-06-2026*
*Question Hour*

ശ്രീ. എ. പി. അനിൽകുമാർ: സർ, കഴിഞ്ഞ ഏപ്രിൽ-മേയ് മാസങ്ങളിൽ 2600-ഓളം താൽക്കാലിക ജീവനക്കാരെയാണ് എംപ്ലോയ്മെന്റ് മുഖാന്തരം നിയമിച്ചിട്ടുള്ളത്. അവർക്ക് ശമ്പളം കൊടുത്തിട്ടില്ല. തീർച്ചയായും അത് ഉടൻതന്നെ നൽകാനുള്ള നടപടിയെടുക്കും. റവന്യൂ ഡാറ്റാ അതീവ പ്രാധാന്യമുള്ളതാണ്. അതുകൊണ്ട് മികച്ച സുരക്ഷാ സംവിധാനങ്ങളാണ് ഉപയോഗിക്കുന്നത്. വിവരങ്ങൾ സുരക്ഷിതമായി സർക്കാരിന്റെ തന്നെ നിയന്ത്രണത്തിലുള്ള സ്റ്റേറ്റ് ഡാറ്റാ സെന്ററുകളിലാണ് സൂക്ഷിക്കുന്നത്. ഇതുകൂടാതെ എല്ലാ ഡാറ്റാ ബേസിന്റെയും പ്രത്യേകം തയ്യാറാക്കിയ ബാക്ക് അപ്പ് സെർവറുകളിൽ സൂക്ഷിക്കുന്നുണ്ട്. അതിന്റെ പ്രാധാന്യം മനസ്സിലാക്കി വളരെ ശക്തമായ രീതിയിൽതന്നെയാണ് മുന്നോട്ടുപോകുന്നത്.

ശ്രീമതി ഉമ തോമസ്: സർ, എന്റെ നിയോജകമണ്ഡലത്തിൽ മുപ്പത്തിയഞ്ച് മുതൽ നാൽപത് വർഷങ്ങളായി കൃഷി ചെയ്യാതെ കിടക്കുന്നതും നിലവിൽ റവന്യൂ രേഖകളിൽ 'നിലം' എന്ന് രേഖപ്പെടുത്തിയിരിക്കുന്നതുമായ ഭൂമികൾ യഥാർഥ ഭൂവിനിയോഗത്തിന് അനുസൃതമായി പരിശോധിച്ച് അർഹതയുള്ളവർക്ക് തരംമാറ്റി നൽകാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. എ. പി. അനിൽകുമാർ: സർ, ബഹുമാനപ്പെട്ട അംഗത്തിന്റെ നിയോജകമണ്ഡലത്തിൽ മാത്രമല്ല ഇന്ന് കേരളത്തിൽ മുഴുവനായി രണ്ട് ലക്ഷത്തിലധികം അപേക്ഷകളാണ് തരംമാറ്റത്തിനായി ഓഫീസുകളിൽ കെട്ടിക്കിടക്കുന്നത്. അത് പരിഹരിക്കുക എന്നത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. ചിലത് ഒരു കാരണവശാലും തരംമാറ്റാൻ സാധിക്കാത്ത അപേക്ഷകളുമുണ്ടാകും. എന്നാൽ വളരെ പെട്ടെന്ന് കൊടുക്കാവുന്ന അഞ്ചോ പത്തോ സെന്റുകളുടെ ഭൂമി തരംമാറ്റ അപേക്ഷകൾ, ആ ഭൂമി ലഭ്യമായാൽ ഒരു വീട് വയ്ക്കുക എന്നുള്ള ആഗ്രഹം നിറവേറ്റാനുള്ള സാഹചര്യത്തിലുള്ള തരംമാറ്റ അപേക്ഷകൾപോലും കെട്ടിക്കിടക്കുകയാണ്. എത്രയും വേഗം അത്തരത്തിലുള്ള ഇരുപത്തി അയ്യായിരത്തോളം അപേക്ഷകൾ പൂർത്തീകരിച്ചുനൽകാനുള്ള നടപടി സർക്കാർ സ്വീകരിക്കും. അതിനുവേണ്ടി ജില്ലാതലത്തിൽ അദാലത്തുകൾ സംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

*29-06-2026*
*Question Hour*

<u>ശ്രീ. സെബാസ്റ്റ്യൻ എം. ജെ.</u>: സർ, നിലവിലുള്ള ഭൂപതിവ് ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതിനും പരിഷ്കരിക്കുന്നതിനുമായി റവന്യൂ, രജിസ്ട്രേഷൻ, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളുടെ ഏകോപനം നടത്താൻ സാധിക്കുമോ?

<u>ശ്രീ. എ. പി. അനിൽകുമാർ</u>: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ച ബജറ്റിൽ സൂചിപ്പിച്ച ഒരുകാര്യം നിലവിലുള്ള നമ്മുടെ ഭൂനിയമങ്ങളിൽ പലതും വർഷങ്ങളോളവും ദശാബ്ദങ്ങളോളം പഴക്കമുള്ളതാണ്. കാലാനുസൃതമായി മാറ്റംവരുത്തേണ്ട പല നിയമങ്ങളുമുണ്ട്. അത്തരം നിയമങ്ങളൊക്കെ പരിഷ്കരിച്ച് ഇന്നത്തെ സാഹചര്യത്തിനനുസൃതമാക്കി മാറ്റുക എന്നുള്ള ലക്ഷ്യം നമുക്കുണ്ട്. അതുമായി ബന്ധപ്പെട്ട് ഒരു കമ്മീഷനെ നിയമിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ടി കമ്മീഷന്റെ റിപ്പോർട്ട് ലഭ്യമായിക്കഴിഞ്ഞാൽ അത്തരം കാര്യങ്ങൾ ആലോചിക്കുന്നതാണ്. ഇവിടെ സൂചിപ്പിച്ചതുപോലെ ബന്ധപ്പെട്ട വിവിധ വകുപ്പുകളുടെ ഏകോപനം നല്ലരീതിയിൽ മുന്നോട്ടുപോകുന്നുണ്ട്. ആ ഏകോപനം കൂടുതൽ ശക്തിപ്പെടുത്തിക്കൊണ്ട് ഇത്തരം കാര്യങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടിയുണ്ടാകും.

<u>ശ്രീ. എ. ഡി. തോമസ്</u>: സർ, നിലവിൽ ആലപ്പുഴ ജില്ലയിൽ ഡിജിറ്റൽ സർവെയുടെ എത്ര ശതമാനം പൂർത്തിയായിട്ടുണ്ട്; ഡിജിറ്റൽ സർവെ പൂർത്തിയാകാത്തതുകാരണം സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ വസ്തു രജിസ്ട്രേഷൻ നടപടികൾ തടസ്സപ്പെടുന്നതും വൈകുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

<u>ശ്രീ. എ. പി. അനിൽകുമാർ</u>: സർ, കേരളത്തിലെ ഏതാണ്ട് 839 വില്ലേജുകളിലാണ് ഡിജിറ്റൈസേഷൻ ആരംഭിച്ചതെങ്കിലും നിലവിൽ 228 വില്ലേജുകളിലാണ് പൂർത്തീകരിച്ചിട്ടുള്ളത്. 146 വില്ലേജുകൾ ഡിജിറ്റൽ സർവെ പൂർത്തീകരിച്ച് സെക്ഷൻ 9(2) വിജ്ഞാപനം പ്രസിദ്ധീകരണ ഘട്ടത്തിലാണുള്ളത്. അതുകൂടി പൂർത്തീകരിച്ചാൽ മാത്രമേ പദ്ധതി പൂർത്തീകരണം നടന്നുവെന്ന് പറയാൻ സാധിക്കുകയുള്ളൂ. ഡിജിറ്റൽ സർവെ പുരോഗമിക്കുന്നത് 221 വില്ലേജുകളിലാണ്. ഇതുമായി ബന്ധപ്പെട്ട് വകുപ്പിന് കുറച്ച് സമയമെടുക്കേണ്ടതായി വന്നിട്ടുണ്ട്. നാലുവർഷമായി ആരംഭിച്ച ഈ പദ്ധതിയിൽ പല

ഘടകങ്ങളുണ്ട്. അദ്ദേഹം സൂചിപ്പിച്ചതുപോലെ ഭൂമിയുമായി ബന്ധപ്പെട്ട് മറ്റ് തർക്കങ്ങളുമുണ്ട്. അതിനാൽ കുറച്ച് കാലതാമസമുണ്ടായിയെന്നുള്ളത് ശരിയാണ്. അതുപോലെതന്നെ ധാരാളം പരാതികളുമുണ്ട്. വകുപ്പിനെ സംബന്ധിച്ചിടത്തോളം പരാതികൾ പരിഹരിച്ചാണെങ്കിലും ഡിജിറ്റൽ സർവെയുമായി മുന്നോട്ടുപോകുമെന്നതന്നെയാണ് സർക്കാരിന്റെ തീരുമാനം. ഇത് ആത്യന്തികമായി ഇന്നത്തെ സർവെ സിസ്റ്റത്തിന് ഗുണം ചെയ്യുമെന്നാണ് സർക്കാർ കരുതുന്നത്.

<u>ശ്രീ. പഴകുളം മധു</u>: സർ, ഭൂരേഖകൾ, പോക്കുവരവ്, കൈവശാവകാശ സർട്ടിഫിക്കറ്റ് തുടങ്ങിയ സേവനങ്ങൾ പൂർണ്ണമായും ഓൺലൈനാക്കിയിട്ടുണ്ടോ; സമ്പൂർണ്ണ ഡിജിറ്റൈസേഷനശേഷം എന്തെല്ലാം സേവനങ്ങളാണ് ഓൺലൈൻവഴി ലഭ്യമാക്കുന്നത്. ഈ സേവനങ്ങൾക്കെല്ലാമായി കേരളത്തിൽ മതിയായ എണ്ണം വില്ലേജ് ഓഫീസർമാരുടെ അപര്യാപ്തതയുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. എ. പി. അനിൽകുമാർ</u>: സർ, ഇക്കാര്യം നേരത്തേ നൽകിയ മറുപടിയിലെ അനുബന്ധത്തിൽ വളരെ വ്യക്തമായി സൂചിപ്പിച്ചിട്ടുണ്ട്. സമ്പൂർണ ഡിജിറ്റൈസേഷൻ നടത്തുന്നതിനുവേണ്ടി ധാരാളം പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. റവന്യൂ ലാൻഡ് ഇൻഫർമേഷൻ സിസ്റ്റം, സംയോജിത റവന്യൂ ഇ-പേമെന്റ്, സംയോജിത ഓൺലൈൻ പോക്കുവരവ്, ഓൺലൈൻ തണ്ടപ്പേർ പകർപ്പ്, ലൊക്കേഷൻ മാപ്പ് ഓൺലൈൻ, ഭൂമിതരംമാറ്റം ഓൺലൈൻ എന്നിങ്ങനെയുള്ള ധാരാളം കാര്യങ്ങൾ ഇതിനകംതന്നെ ഡിജിറ്റൈസേഷൻ ചെയ്തുകഴിഞ്ഞു. എന്നാൽ സമ്പൂർണ്ണമായി ചെയ്യാൻ കഴിഞ്ഞിട്ടില്ല. എന്നാൽ ആ ഒരു രീതിയിലേക്കാണ് മുന്നോട്ടുപോകുന്നത്. ഏത് സംവിധാനവും എത്രയും വേഗം നമുക്ക് ലഭ്യമാവുക എന്നുള്ളതാണ് സർക്കാർ ലക്ഷ്യം വയ്ക്കുന്നത്. അതിന് ഡിജിറ്റൈസേഷൻ വളരെ ഗുണം ചെയ്യുന്നുവെന്നുള്ള ഒരു ധാരണ എല്ലാവർക്കുമിടയിലുണ്ട്. പ്രത്യേകിച്ച്, നമ്മൾ സർട്ടിഫിക്കറ്റ് നൽകുന്ന കാര്യങ്ങളിൽ ഒരുപാട് മുന്നോട്ടുപോയി. അതുകൊണ്ട് ഈയൊരു കാര്യത്തിൽ റവന്യൂ വകുപ്പിനെ സമ്പൂർണ ഡിജിറ്റൈസേഷൻ എന്നുള്ള ലക്ഷ്യത്തിലേക്ക് എത്രയും വേഗം എത്തിക്കാനുള്ള നടപടി സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകുന്നതാണ്.

*29-06-2026*
*Question Hour*

ശ്രീ. കെ. രാജൻ: സർ, ഇവിടെ സൂചിപ്പിച്ചതുപോലെ 10.42 ലക്ഷം ഹെക്ടർ ഭൂമി അളന്നുവെന്ന് പറഞ്ഞാൽ കേരളത്തിലെ ഏതാണ്ട് 28 ലക്ഷം ഹെക്ടർ ഭൂമിയുടെ മൂന്നിലൊന്ന് അളന്ന് പൂർത്തീകരിച്ചുകഴിഞ്ഞു. സ്വഭാവികമായും കേരളത്തിലെ റവന്യൂ രംഗത്തെ വിപ്ലവകരമായ ചരിത്രമാണ് ഡിജിറ്റൽ റീ-സർവെ എന്നത് അങ്ങേയ്ക്ക് അറിയാവുന്നതാണ്. ഇക്കാര്യത്തിൽ അങ്ങ് പങ്കാളിയായ ആളാണ്. സ്വഭാവികമായും Presumptive Title-ൽനിന്ന് Conclusive Title-ലേക്കുള്ള കേരളത്തിന്റെ യാത്രയാണ് ഡിജിറ്റൽ സർവെകൊണ്ട് ഉദ്ദേശിക്കുന്നത്. നേരത്തെ സൂചിപ്പിച്ചതുപോലെ 374 വില്ലേജുകളിൽ ഡിജിറ്റൽ സർവെ പൂർത്തീകരിച്ച് സെക്ഷൻ 9(2) വിജ്ഞാപനം പ്രസിദ്ധീകരണഘട്ടത്തിലാണെന്നുപറഞ്ഞാൽ 600-കളിലേറെ വില്ലേജുകളിൽ അത് മുന്നോട്ടുപോകുകയും ചെയ്തുകൊണ്ടിരിക്കുകയാണ്. ഞാൻ വളരെ പ്രധാനപ്പെട്ട വിഷയമാണ് ഉന്നയിക്കുന്നത്. ഇത്തരത്തിലുള്ള പ്രശ്നങ്ങൾ പൂർണ്ണമായി പരിഹരിക്കണമെങ്കിൽ കേരളത്തിൽ ഒരു സെറ്റിൽമെന്റ് ആക്ടുണ്ടാകണം. ആ സെറ്റിൽമെന്റ് ആക്ട് എന്നത് സ്വകാര്യഭൂമി അധികമായി അളന്ന് കിട്ടിയാൽ അത് ക്രമീകരിക്കാൻ കഴിയുന്ന ആ ആക്ടിനെ കഴിഞ്ഞ തവണ സഭ ഏകകണ്ഠമായി പാസ്സാക്കി ബഹുമാനപ്പെട്ട ഗവർണറുടെ മുന്നിലേക്ക് അയച്ചെങ്കിലും അതിൽ ഒപ്പിട്ടിട്ടില്ല. Conclusive Title-ലേക്ക് കേരളം പോകണമെങ്കിൽ, ഇപ്പോഴുള്ള ഇന്റഗ്രേറ്റഡ് പോർട്ടലിലും ഡിജിറ്റൽ സർവെയ്ക്കുമൊപ്പം അധികമായി കാണുന്ന സ്വകാര്യഭൂമിയെ ക്രമവൽക്കരിക്കാനുള്ള ഒരു നടപടിയിലേക്ക് പോകേണ്ടതായി വരും. അങ്ങ് ഡിജിറ്റൽ സർവെയുടെ രണ്ടാംഘട്ടം ആരംഭിക്കുമെന്ന് പറഞ്ഞത് വളരെ സ്വാഗതാർഹമാണ്. അതോടൊപ്പം ഈ നിയമത്തെക്കൂടി കേന്ദ്രീകരിച്ച് ഒരു Conclusive Title-ലേക്കുള്ള യാത്ര വേഗത്തിൽ നടപ്പിലാക്കണമെന്ന് അഭ്യർഥിക്കുകയാണ്.

ശ്രീ. എ. പി. അനിൽകുമാർ: സർ, അങ്ങയുടെ അനുഭവത്തിന്റെ പശ്ചാത്തലത്തിലാണ് ഇക്കാര്യം ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചത്. പല ഭൂമികളും അളക്കുമ്പോഴും ഭൂമി എക്സസായി കാണുന്ന സാഹചര്യമുണ്ട്. അത്തരം ഭൂമികൾ നമ്മൾ ഏത് രീതിയിൽ കൈകാര്യം ചെയ്യണമെന്നുള്ളതിന് ഒരു നിയമം അനിവാര്യമാണ്. ഇത്തരത്തിലുള്ള

കാര്യങ്ങളെക്കുറിച്ച് ആലോചിക്കുന്നുണ്ട്. ഭൂപരിഷ്കണ നിയമം നടപ്പാക്കിയ സംസ്ഥാനം കേരളമെന്ന് നമുക്കെല്ലാവർക്കുമറിയാം.

ശ്രീ. കെ. രാജൻ: സർ, ആ നിയമം പാസ്സാക്കിയിട്ടുണ്ട്.

ശ്രീ. എ. പി. അനിൽകുമാർ: സർ, അതിന് അംഗീകാരം ലഭിച്ചിട്ടില്ലെന്നാണ് മനസ്സിലാക്കുന്നത്. സ്വഭാവികമായും ഭൂപരിഷ്കരണം നിയമം നടപ്പാക്കിയ സംസ്ഥാനത്ത് ആറ് ദശാബ്ദം കഴിയുമ്പോൾ, ഭൂമി സംബന്ധമായ കാര്യങ്ങളിൽ പല രീതികളിലുമുള്ള മാറ്റം അനിവാര്യമാണ്. ആ മാറ്റത്തിന് ഈ സർക്കാർ നേതൃത്വം കൊടുക്കുക തന്നെ ചെയ്യും.

ശ്രീ. പി. കെ. ഫിറോസ്: സർ, സമ്പൂർണ്ണ ഡിജിറ്റൈസേഷൻ കാരണം, എന്റെ നിയോജകമണ്ഡലത്തിലെ വാവാട്, രാരോത്ത് എന്നീ രണ്ട് വില്ലേജുകളിൽ ആളുകൾക്ക് ഭൂനികുതി അടയ്ക്കാൻ കഴിയാത്ത വലിയ പ്രയാസത്തിലാണ്. ലോണെടുക്കാൻ കഴിയാതെ ആളുകൾ അവിടെ ക്യൂ നിൽക്കുന്ന ദൃശ്യങ്ങൾ നേരിട്ട് കണ്ട് ബോധ്യപ്പെട്ടൊരു വ്യക്തിയാണ്. ഇക്കാര്യം അടിയന്തരമായി പരിഹരിച്ച് ജനങ്ങളുടെ ഇത്തരം ബുദ്ധിമുട്ടുകൾ ഒഴിവാക്കാൻവേണ്ടി നടപടി സ്വീകരിക്കുമോ?

ശ്രീ. എ. പി. അനിൽകുമാർ: സർ, ബഹുമാനപ്പെട്ട അംഗം വളരെ പ്രധാനപ്പെട്ട കാര്യമാണ് ഇവിടെ സൂചിപ്പിച്ചത്. ഇപ്പോൾതന്നെ ഏതാണ്ട് ഒരു ലക്ഷത്തോളം പരാതികൾ വന്നിട്ടുണ്ട്. അതിൽ നാൽപ്പത്തിയെട്ടായിരത്തോളം പരാതികൾ ഇതിനോടകം പരിഹരിച്ചുകഴിഞ്ഞിട്ടുണ്ട്. ബാക്കി വരുന്ന പരാതികൾ 100 ദിവസത്തിനകം തന്നെ പരിഹരിക്കുകയെന്നുള്ള ലക്ഷ്യംവച്ചുകൊണ്ടാണ് വകുപ്പ് മുന്നോട്ടുപോകുന്നത്. സർക്കാരിന് എത്രയും വേഗം അതിന്മേൽ നടപടി സ്വീകരിക്കാൻ സാധിക്കുമെന്ന് വിശ്വസിക്കുന്നു.

ശ്രീ. അൻവർ സാദത്ത്: സർ, ഒരു നാടിന്റെ വികസനത്തിൽ ഏറ്റവും കൂടുതൽ പങ്ക് വഹിക്കുന്നത് റവന്യൂ വകുപ്പാണ്. വികസനത്തിനായി ഭൂമി ഏറ്റെടുക്കുക എന്നുള്ളത് പ്രധാനപ്പെട്ട കാര്യമാണെന്ന് നമുക്കെല്ലാവർക്കുമറിയാം. അതുപോലെ തരംമാറ്റൽ എന്നത് ഒരു പ്രധാന ഘടകമാണ്. സർക്കാർ ഭൂമി കയ്യേറ്റം വരുമ്പോൾ അതിനെ അളന്ന് തിട്ടപ്പെടുത്തേണ്ട ഉത്തരവാദിത്വം റവന്യൂ വകുപ്പിനാണുള്ളത്. അതോടൊപ്പം വസ്തു സംബന്ധമായ തർക്കങ്ങൾ പരിഹരിക്കുന്നതിന് സർവെയർമാരാണ് വേണ്ടത്. കേരളത്തിൽ

സർവെയർമാരുടെ കുറവ് നമ്മുടെ നാടിന്റെ വികസനത്തിന് പലപ്പോഴും ഒരു തടസ്സമായി നിൽക്കുന്നൊരു സാഹചര്യമുണ്ട്. അതുകൊണ്ട് നമ്മുടെ നാടിന്റെ വികസനത്തിന് ആക്കംകൂട്ടാനും മറ്റുള്ള വിഷയങ്ങൾക്ക് പരിഹാരമായി കൂടുതൽ പുതിയ സർവെയർമാരെ നിയോഗിക്കാനും ഈ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എന്നതാണ് എന്റെ ചോദ്യം?

ശ്രീ. എ. പി. അനിൽകുമാർ: സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. അൻവർ സാദത്ത് സൂചിപ്പിച്ച കാര്യം നമുക്കൊക്കെ അറിയാവുന്ന കാര്യമാണ്. ഒരു സർവെ നടത്തുന്നതിനായി താലൂക്ക് ഓഫീസിൽനിന്ന് സർവെയർമാരെ പലപ്രാവശ്യം വിളിക്കേണ്ട സഹാചര്യമാണുള്ളത്. ഈ അവസ്ഥ ഇന്ന് തുടങ്ങിയതല്ല. കേരളത്തിലെ സർവെ ഡിപ്പാർട്ടുമെന്റിലെ സർവെയർമാരുടെ സ്ട്രെങ്ത് വളരെ കുറവാണ്. അതുകൊണ്ടുതന്നെ നമ്മൾ ആഗ്രഹിക്കുന്ന രീതിയിലേക്ക് ഇത്തരം കാര്യങ്ങൾ നടത്താൻ കഴിയാത്ത സാഹചര്യമാണ്. ഇക്കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായി സംസാരിച്ചിട്ടുണ്ട്. ഇപ്പോൾ ഡിജിറ്റൈസേഷൻ നടക്കുന്നത് സംബന്ധിച്ച് നേരത്തെ ഇവിടെ സൂചിപ്പിച്ചിരുന്നു. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലൂടെ 2500-ൽ‌അധികം ആളുകളെ നിയമിച്ചുകൊണ്ടാണ് നമ്മൾ സമ്പൂർണ ഡിജിറ്റൈസേഷൻ പൂർത്തിയാക്കാൻ പോകുന്നത്. അതിന്റെ അപര്യാപ്തത ശക്തമായിട്ടുണ്ട്. അതുകൊണ്ട് പരമാവധി ഇത്തരം കാര്യങ്ങളൊക്കെ പരിഹരിച്ചുപോകുന്നതിനുള്ള നടപടി സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകും.

മി. സ്പീക്കർ: ചോദ്യോത്തരവേളയുടെ ഈ സന്ദർഭത്തിൽ ഒരു കാര്യം സൂചിപ്പിക്കാനുണ്ട്. കേരള നിയമസഭ സന്ദർശിക്കുന്നതിനുവേണ്ടി ഓസ്ട്രേലിയയിലെ വിക്ടോറിയൻ പാർലമെന്റിലെ ബഹുമാനപ്പെട്ട ചീഫ് വിപ്പ് ശ്രീ. ലീ ടർലാമിസും അദ്ദേഹത്തിനോടൊപ്പമുള്ള പ്രതിനിധിസംഘവും ഡി.വി. ഗ്യാലറിയിലുണ്ട്. സഭയ്ക്കുവേണ്ടി അവരെ നമ്മൾ അനുമോദിക്കുകയാണ്.

**പി.എം.ശ്രീ പദ്ധതി**

4 (*94) ശ്രീമതി ഉഷ വിജയൻ:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. കെ. എം. അഭിജിത്ത്:

*29-06-2026*
*Question Hour*

<u>ശ്രീ. കെ. പ്രവീൺ കുമാർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എം. ശ്രീ പദ്ധതിയുമായി ബന്ധപ്പെട്ട് മുൻ സർക്കാരെടുത്ത നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) മുൻ സർക്കാർ പി.എം. ശ്രീ പദ്ധതിയിൽ ഒപ്പിടുകയും കേന്ദ്ര ഫണ്ട് കൈപ്പറ്റുകയും ചെയ്തിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതിയിൽ തുടരാൻ സംസ്ഥാനം നിയമപരമായി നിർബന്ധിതമായിരിക്കുകയാണോ; വ്യക്തമാക്കുമോ;

(സി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട അനിശ്ചിതത്വം നിലനിൽക്കുന്നതിനാൽ വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട മറ്റ് ഫണ്ടുകൾ ലഭിക്കാത്തതോ തടഞ്ഞുവച്ചിരിക്കുന്നതോ ആയ സാഹചര്യം സംജാതമായിട്ടുണ്ടോ; വിശദമാക്കുമോ?

പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പുമന്ത്രി (<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>): സർ,

(എ) 2022 സെപ്റ്റംബർ 7-ന് കേന്ദ്രസർക്കാർ അംഗീകരിച്ച കേന്ദ്രാവിഷ്കൃത പദ്ധതിയാണ് പി.എം. ശ്രീ (PM SHRI- Prime Minister's Schools for Rising India). പി.എം. ശ്രീ പദ്ധതിയെക്കുറിച്ച് പഠിക്കുന്നതിന് പൊതുവിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ നേതൃത്വത്തിൽ ഒരു ഉന്നതതല കമ്മിറ്റി രൂപീകരിക്കുകയും പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ പി.എം. ശ്രീ നടപ്പാക്കുന്നത് സംബന്ധിച്ച് സംസ്ഥാനം 2024-25 അധ്യയന വർഷത്തിനുമുമ്പ് തീരുമാനമെടുക്കുമെന്ന് കാണിച്ച് ഒരു അഷ്വറൻസ് ലെറ്റർ കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിന് നൽകുകയുണ്ടായി. 2025 ഒക്ടോബറിൽ സംസ്ഥാനം പി.എം. ശ്രീ പദ്ധതിയുടെ ധാരണാപത്രത്തിൽ ഒപ്പുവച്ചു. ധാരണാപത്രത്തിൽ ഒപ്പുവച്ചതിനെത്തുടർന്ന് 2025-26 വർഷത്തിൽ എസ്.എസ്.കെ.-ക്ക് (സമഗ്ര ശിക്ഷ കേരളം) തടഞ്ഞുവച്ച 99.27 കോടി രൂപ കേന്ദ്രത്തിൽനിന്ന് ലഭിക്കുകയുണ്ടായി. ധാരണാപത്രം ഒപ്പുവച്ചതിനെത്തുടർന്ന് ആശങ്കകൾ ഉയർന്ന സാഹചര്യത്തിൽ പദ്ധതി റിവ്യൂ റിപ്പോർട്ട് സമർപ്പിക്കുന്നതിനായി മുൻ പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി ചെയർമാനായി ഒരു മന്ത്രിസഭാ ഉപസമിതി രൂപീകരിക്കുകയും പ്രസ്തുത മന്ത്രിസഭാ ഉപസമിതി റിപ്പോർട്ട് സമർപ്പിക്കുന്നതുവരെ പദ്ധതിയുമായി ബന്ധപ്പെട്ട

തുടർപ്രവർത്തനങ്ങൾ നീട്ടിവയ്ക്കാൻ തീരുമാനിച്ചതായി (to keep in abeyance) അറിയിച്ചുകൊണ്ട് കേന്ദ്രസർക്കാരിന് 2025 നവംബർ 12-ന് സംസ്ഥാനം കത്ത് നൽകിയിരുന്നു. എന്നാൽ പ്രസ്തുത കാബിനറ്റ് സബ് കമ്മിറ്റി യോഗം ചേരുകയോ റിപ്പോർട്ട് സമർപ്പിക്കുകയോ ചെയ്തിട്ടില്ല.

(ബി) പി.എം. ശ്രീ പദ്ധതിയുടെ ധാരണാപത്രത്തിൽ ഒപ്പുവച്ചതിനെത്തുടർന്ന് 2025-26 വർഷത്തിൽ കേന്ദ്രസർക്കാരിൽനിന്ന് ലഭിക്കേണ്ട എസ്.എസ്.കെ.-ക്ക് (സമഗ്ര ശിക്ഷ കേരളം) തടഞ്ഞുവച്ച 99.27 കോടി രൂപ സംസ്ഥാനത്തിന് ലഭിക്കുകയുണ്ടായി. പി.എം. ശ്രീ ധാരണാപത്രത്തിലെ വ്യവസ്ഥകൾ പ്രകാരം പദ്ധതിയിൽനിന്ന് പിൻമാറാനുള്ള അവകാശം സംസ്ഥാനത്തിനില്ല. പൊതുതാൽപര്യാർത്ഥം ഈ കരാർ 30 ദിവസത്തെ നോട്ടീസ് നൽകി റദ്ദാക്കുകയോ അവസാനിപ്പിക്കുകയോ ചെയ്യുന്നതിനുള്ള അവകാശം കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ സ്കൂൾ വിദ്യാഭ്യാസവും സാക്ഷരതയും വകുപ്പിന് (DoSEL) മാത്രമായിരിക്കും.

(സി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട അനിശ്ചിതത്വം നിലനിൽക്കുന്നതിനാൽ വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട് മറ്റ് ഫണ്ടുകൾ ലഭിക്കാത്തതോ തടഞ്ഞുവച്ചിരിക്കുന്നതോ ആയ സാഹചര്യം സംജാതമായിട്ടുണ്ടോ എന്നതിൽ പി.എം. ശ്രീ പദ്ധതി സംസ്ഥാനത്ത് നടപ്പാക്കുന്നതിനുള്ള ധാരണാപത്രം മുൻ സർക്കാർ ഒപ്പിടുകയും പിന്നീട് നീട്ടിവയ്ക്കുന്നതിനുള്ള കത്ത് നൽകുകയും ചെയ്ത സാഹചര്യത്തിൽ കേന്ദ്രത്തിൽനിന്നും ലഭിക്കേണ്ടിയിരുന്ന എസ്.എസ്.കെ.-ക്കുള്ള കേന്ദ്ര വിഹിതം തടഞ്ഞുവയ്ക്കുന്ന സാഹചര്യം സംജാതമായിട്ടുണ്ട്. ഇത്തരത്തിൽ കേന്ദ്ര വിഹിത ഇനത്തിൽ 1151.48 കോടി രൂപ (2025-26) സംസ്ഥാനത്തിന് ലഭ്യമാക്കേണ്ടതുണ്ട്.

<u>ശ്രീമതി ഉഷ വിജയൻ</u>: സർ, മുൻസർക്കാർ ഒപ്പുവച്ച ധാരണാപത്രം പ്രകാരം കേരളത്തിലെ എത്ര സ്കൂളുകളെ പി.എം. ശ്രീ പദ്ധതിയിൽ ഉൾപ്പെടുത്താൻ സാധ്യതയുണ്ട്. പി.എം. ശ്രീ പദ്ധതിയിൽ ഉൾപ്പെടുത്തുന്ന സ്കൂളുകൾക്ക് കേന്ദ്രത്തിൽനിന്നും സംസ്ഥാനത്തുനിന്നും ലഭിക്കുന്ന ഫണ്ടിന്റെ അനുപാതം എത്രയാണ്?

പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പുമന്ത്രി (<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>): സർ, ഒരു സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ ബ്ലോക്കുകളിൽ ഒരു ബ്ലോക്കിലെ ഒരു എലമെന്ററി

സ്കൂളിനെയും ഒരു സെക്കൻഡറി സ്കൂളിനെയുമാണ് ഇതിനുവേണ്ടി തിരഞ്ഞെടുക്കുന്നത്. അതിൽ 40 ശതമാനം വിഹിതം കേരളവും 60 ശതമാനം വിഹിതം കേന്ദ്രവുമാണ് നൽകുന്നത്. ഈ ഇനത്തിൽ ഒരു സ്കൂളിന് ലഭിക്കുന്നത് ഒരു കോടി രൂപയാണ്.

ശ്രീമതി ഉഷ വിജയൻ: സർ, കേരളത്തിലുണ്ടായിരുന്ന മുൻ സർക്കാർ പി.എം. ശ്രീ പദ്ധതിയുടെ ധാരണാപത്രത്തിൽ ഒപ്പുവയ്ക്കുന്നതിനുമുമ്പ് ആരൊക്കെയായി കൂടിയാലോചന നടത്തിയിരുന്നുവെന്ന് വ്യക്തമാക്കാമോ; വിദ്യാഭ്യാസ വിദഗ്ധരുമായി ഈ വിഷയത്തിൽ ആശയവിനിമയം നടത്തിയിരുന്നോ?

ശ്രീ. എൻ. ഷംസുദ്ദീൻ: കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പി.എം. ശ്രീ പദ്ധതിയിൽ സ്വീകരിച്ച നിലപാടുകൾ ഞാൻ ഇവിടെ വ്യക്തമാക്കിയിരുന്നു. ഇതിനുമുമ്പ് റൂൾ 50 പ്രകാരമുള്ള നോട്ടീസിന് മറുപടിയായി വളരെ വിശദമായി കാര്യങ്ങൾ പ്രതിപാദിച്ചിട്ടുണ്ട്. അതിലെവിടെയും കഴിഞ്ഞ ഗവൺമെന്റ് ഇതുമായി ബന്ധപ്പെട്ട് ഏതെങ്കിലും തരത്തിലുള്ള ചർച്ചകൾ നടത്തിയതായും വിവിധ കോണുകളിൽ നിന്നുള്ള അഭിപ്രായങ്ങൾ സ്വരൂപിച്ചതായും രേഖകളിൽ കാണുന്നില്ല. ഗവൺമെന്റ് രൂപീകരിച്ച സെക്രട്ടറിമാരുടെ സമിതി യോഗം ചേരുകയും ആ യോഗത്തിൽ പി.എം. ശ്രീ പദ്ധതിയിൽ ഒപ്പുവയ്ക്കാവുന്നതാണ് എന്ന് സർക്കാരിന് ഉപദേശം നൽകിയതായും രേഖകളിൽ കാണുന്നുണ്ട്.

ശ്രീ. ടി. ജെ. വിനോദ്: സർ, പി. എം. ശ്രീ പദ്ധതിയിലെ സുപ്രധാന വ്യവസ്ഥകൾ എന്തെല്ലാമാണെന്നും ഇവ സംസ്ഥാനത്തെ വിദ്യാഭ്യാസ പാഠ്യ പദ്ധതിയെ എങ്ങനെ ബാധിക്കുമെന്നും വിലയിരുത്തിയിട്ടുണ്ടോ; സിലബസ് നിശ്ചയിക്കുന്നതിൽ കേന്ദ്ര സർക്കാരിന് പങ്കുണ്ടോ എന്ന് വ്യക്തമാക്കാമോ?

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, പി.എം.ശ്രീ-യുടെ വ്യവസ്ഥകളുമായി മുന്നോട്ട് പോകുമ്പോൾ അതിന്റെ സിലബസ്, സ്കൂളുകളുടെ സെലക്ഷൻ എന്നിവ പിന്നീട് തീരുമാനിക്കേണ്ട വിഷയമാണ്. സംസ്ഥാനങ്ങൾക്ക് അവരുടെ സിലബസ് പഠിപ്പിക്കാനുള്ള സ്വാതന്ത്ര്യമുണ്ടാകണമെന്നത് വളരെ പ്രധാനമാണ്. അത് പല സംസ്ഥാനങ്ങളും ചൂണ്ടിക്കാണിച്ചിട്ടുള്ള വിഷയമാണ്.

*29-06-2026*
*Question Hour*

ശ്രീ. കെ. എം. അഭിജിത്ത്: സർ, കോത്താരി കമ്മിറ്റിയുടെ റിപ്പോർട്ട് ഉൾപ്പെടെ ഇന്ത്യൻ വിദ്യാഭ്യാസത്തിന്റെ മേന്മകളെ സംരക്ഷിക്കാൻ ഒരു പിടി റിപ്പോർട്ടുകൾ ഈ രാജ്യം കണ്ടിട്ടുണ്ട്. അതെല്ലാം കാറ്റിൽ പറത്തുന്ന നടപടിയാണ് കഴിഞ്ഞ പത്തുവർഷക്കാലമായി കേന്ദ്രം ഭരിക്കുന്ന സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ഇരുപത്തിയൊന്ന് ലക്ഷത്തിൽപ്പരം വിദ്യാർഥികളെ ഇരുട്ടിൽ നിർത്തി, പരീക്ഷയുടെ വിശ്വാസ്യത നഷ്ടപ്പെടുത്തി നീറ്റ് പരീക്ഷപോലും അട്ടിമറിക്കപ്പെടുന്ന കാഴ്ചയാണ് കാണുന്നത്. ഇന്ത്യൻ വിദ്യാഭ്യാസത്തിന്റെ മേന്മ കെടുത്താൻ ശ്രമിക്കുന്ന, സംസ്ഥാനത്തിന്റെ അവകാശം കൂടിയായ വിദ്യാഭ്യാസത്തിൽ കൈകടത്താൻ ശ്രമിക്കുന്ന കേന്ദ്രസർക്കാരിന്റെ പദ്ധതിയായ പി.എം. ശ്രീ പദ്ധതിയെ മറികടക്കുന്നതിനായി ഒരു കമ്മീഷനെ നിയമിക്കാൻ സാധിക്കുമോ; അതിന് എന്തെല്ലാം നടപടികൾ നമുക്ക് കൈക്കൊള്ളാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഇവിടെ സൂചിപ്പിച്ചതുപോലെ വിദ്യാഭ്യാസമെന്ന് പറയുന്നത് നമ്മുടെ ഭരണഘടനയുടെ കൺകറന്റ് ലിസ്റ്റിൽ ഉൾപ്പെട്ടതാണ്. അതിൽ കൃത്യമായും സംസ്ഥാനത്തിന് അവകാശമുണ്ട്. ഒരു സംസ്ഥാനത്തിലെ വിദ്യാലയങ്ങളിൽ എന്ത് പഠിപ്പിക്കണമെന്ന് തീരുമാനിക്കാൻ ആ സംസ്ഥാനം ഭരിക്കുന്ന ഭരണകൂടത്തിന്റെയും സംസ്ഥാനത്തിന്റെയും അഭിപ്രായത്തിന് പ്രാമുഖ്യമുണ്ടാവണം. അതുകൊണ്ടുതന്നെ ആ ദിശയിൽ നമുക്ക് പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോകാവുന്നതുമാണ്.

ശ്രീ. കെ. പ്രവീൺ കുമാർ: സർ, കഴിഞ്ഞ ഇടതുപക്ഷ സർക്കാർ ഒപ്പിട്ട പി.എം.ശ്രീ പദ്ധതി ഈ സഭയ്ക്കകത്തും പുറത്തും സജീവമായി ചർച്ച ചെയ്യുന്ന വിഷയമാണ്. പ്രസ്തുത പദ്ധതിയിൽനിന്നും പിന്മാറിയാൽ കേരളത്തിനുണ്ടാകുന്ന സാമ്പത്തിക-നിയമ പ്രത്യാഘാതങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

ശ്രീ. എൻ. ഷംസുദ്ദീൻ: ഈ വിഷയത്തെപ്പറ്റിയും ഞാൻ കഴിഞ്ഞ തവണ വിശദീകരിച്ചതാണ്. കഴിഞ്ഞ ഗവൺമെന്റ് ഒപ്പുവച്ച കരാറിന്റെ സവിശേഷത സംസ്ഥാനത്തിന് അതിൽനിന്നും പിൻമാറാൻ കഴിയാത്ത സ്ഥിതിയുണ്ട്, അത് unilateral-ആണ്. പിന്മാറാനുള്ള അവകാശം കേന്ദ്രത്തിന് മാത്രം നിക്ഷിപ്തമായി കൊടുത്തിരിക്കുകയാണ്. തന്മൂലം 152 ബ്ലോക്കുകളിൽ 304 സ്കൂളുകൾക്ക് ഒരു കോടി രൂപ

വീതം മൂന്ന് വർഷം ലഭിക്കുമ്പോൾ 900 കോടിയിലധികം, ആയിരം കോടിയിൽ താഴെ രൂപ ഈ ഇനത്തിൽ നഷ്ടമാകും. ടി പദ്ധതിയിൽ ഒപ്പിടാത്തതിന്റെ പേരിൽ മറ്റ് കേന്ദ്ര ഫണ്ടുകൾ തടഞ്ഞുവയ്ക്കുന്നുവെന്നത് ഒരു വസ്തുതയാണെന്ന് എല്ലാവർക്കുമറിയാവുന്നതാണ്. കഴിഞ്ഞ സർക്കാർ ഒപ്പിടാൻ നിർബന്ധിതമായത് ആ ഫണ്ട് പ്രതീക്ഷിച്ചുകൊണ്ട് തന്നെയാണ്. ഈ ഇനത്തിൽ എസ്.എസ്.കെ (SSK)-ക്ക് ലഭിക്കാനുള്ള 1150 കോടി രൂപയും ലഭിക്കാതെവരും. അങ്ങനെ ടി പദ്ധതിയിൽ ഒപ്പിടാത്തതിന്റെ പേരിൽ 2,000 കോടിയോളം രൂപ സംസ്ഥാനത്തിന് നഷ്ടമാകുന്ന സ്ഥിതിയുണ്ട്.

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>: സർ, 2025 സെപ്റ്റംബറിലാണ് നമ്മുടെ രാജ്യത്ത് പി.എം. ശ്രീ പദ്ധതി വിവിധ സംസ്ഥാനങ്ങളിൽ നടപ്പാക്കാൻ തുടങ്ങിയത്. ഇതിൽ അന്ന് കോൺഗ്രസ്സ് ഭരിക്കുന്ന സംസ്ഥാനങ്ങളായ (ഇന്ന് പലയിടത്തും കോൺഗ്രസ്സ് ഭരണമില്ലെങ്കിലും) രാജസ്ഥാൻ, ഹിമാചൽ പ്രദേശ്, ഛത്തീസ്ഗഡ്, തെലങ്കാന എന്നിവിടങ്ങളിൽ പി.എം.ശ്രീ ആരംഭിച്ചതും കോൺഗ്രസ്സിന്റെ ഭരണകാലത്താണ്. ഇതു സംബന്ധിച്ച് യു.ഡി.എഫ് സർക്കാരിന്റെ നിലപാടെന്താണ്; ഇതേ മാതൃക പിന്തുടരാനാണോ കേരളത്തിലെ യു.ഡി.എഫ്. സർക്കാരും ശ്രമിക്കുന്നത്?

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, ഇക്കാര്യം ഈ ചോദ്യത്തിന്റെ പരിധിയിൽ വരുന്ന വിഷയമല്ല. ഇവിടത്തെ സാഹചര്യങ്ങളെ സംബന്ധിച്ച് കഴിഞ്ഞ ഗവൺമെന്റ് സൃഷ്ടിച്ച പ്രതിസന്ധി നമ്മുടെ മുന്നിലുണ്ട്. അത് എങ്ങനെ പരിഹരിക്കണമെന്നാണ് ഞങ്ങൾ പരിശോധിച്ചുകൊണ്ടിരിക്കുന്നത്. മറ്റ് വശങ്ങൾ ഈ ചോദ്യത്തിന്റെ ഭാഗമായി വരുന്നതല്ല.

**ട്രാവൽ ആൻഡ് ടൂറിസം മേഖലയിലെ പുതിയ പദ്ധതികൾ**

5 (*95) <u>ശ്രീ. എം. എസ്. അരുൺ കുമാർ:</u>
<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്:</u>
<u>ശ്രീ. എ. പ്രഭാകരൻ:</u>
<u>ശ്രീ. പി. പി. സുമോദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര-സാംസ്കാരിക വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് ട്രാവൽ ആൻഡ് ടൂറിസം മേഖലയിലുണ്ടായിട്ടുള്ള പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) ടൂറിസം മേഖലയിലേക്ക് പുതുതായി കടന്നുവരുന്ന സ്റ്റാർട്ടപ്പുകൾക്ക് പ്രോത്സാഹനം നൽകുന്നതിനായി മുൻസർക്കാർ കേരള സ്റ്റാർട്ടപ്പ് മിഷൻ മുഖേന ഇന്നവേഷൻ ഗ്രാന്റ്, സീഡ് ഫണ്ടിങ് മുതലായ സാമ്പത്തിക സഹായങ്ങളും തൊഴിലിടങ്ങളും ഉറപ്പാക്കിയതിന്റെ ഗുണഫലങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വിശദമാക്കാമോ;

(സി) ടൂറിസം വകുപ്പും കേരള സ്റ്റാർട്ടപ്പ് മിഷനും ഒരുമിച്ച് പ്രവർത്തിക്കാൻ ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ ആരംഭിച്ചിട്ടുള്ള നൂതന പദ്ധതികളേതൊക്കെയെന്നും അതുകാരണം ടൂറിസം മേഖലയിലുണ്ടായ മുന്നേറ്റവും വിശദമാക്കാമോ;

(ഡി) ടൂറിസം മേഖലയിൽ നടപ്പാക്കിയിട്ടുള്ള കേരള സംസ്ഥാന ഡിസൈൻ പോളിസി ടൂറിസം പദ്ധതികളെ പ്രകൃതിക്കിണങ്ങുന്ന തരത്തിൽ രൂപകല്പന ചെയ്യുന്നതിന് എത്രമാത്രം സഹായകരമായിട്ടുണ്ടെന്ന് വിശദമാക്കാമോ?

വിനോദസഞ്ചാര-സാംസ്കാരിക വകുപ്പുമന്ത്രി (ശ്രീ. പി. സി. വിഷ്ണുനാഥ്): സർ,

(എ) ടൂറിസം മേഖലയിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്തെ പ്രവർത്തനങ്ങൾകൂടി വിലയിരുത്തിയാണ് ടൂറിസം പദ്ധതികൾ ആസൂത്രണം ചെയ്യുന്നത്. കാലാനുസൃതമായ മാറ്റങ്ങളും ടൂറിസം മേഖലയിലെ ആവശ്യങ്ങളും അനുസരിച്ച് ടൂറിസം നയം രൂപപ്പെടുത്തുന്ന കാര്യം സർക്കാർ പരിഗണിച്ചുകൊണ്ടിരിക്കുകയാണ്.

(ബി&സി) ടൂറിസം വകുപ്പുമായി കേരളാ സ്റ്റാർട്ടപ്പ് മിഷൻ ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. ആയതുപ്രകാരം കാരവൻ പാർക്ക്, സ്റ്റാർട്ടപ്പ് പോഡ് പദ്ധതി, ടോയ്‌ലറ്റ് മോഡൽ, പരിസ്ഥിതി സൗഹൃദ ശുചിത്വ സംവിധാനം, തുടങ്ങിയ പദ്ധതികൾ ഉൾപ്പെടുന്നു. എന്നാൽ നാളിതുവരെ സ്റ്റാർട്ടപ്പ് മിഷനുമായി ബന്ധപ്പെട്ട് മേൽ പദ്ധതികളൊന്നും പ്രവർത്തനം ആരംഭിച്ചിട്ടില്ല.

(ഡി) ടൂറിസം കേന്ദ്രങ്ങൾ വളർത്തിയെടുക്കൽ, എല്ലാവർക്കും എത്തിച്ചേരാവുന്നതും എല്ലാവരെയും ഉൾക്കൊള്ളുന്നതുമായ ടൂറിസം കേന്ദ്രങ്ങൾ രൂപപ്പെടുത്തൽ, പുതിയ ലാൻഡ് മാർക്കുകൾ സൃഷ്ടിക്കൽ, പൈതൃക കെട്ടിടങ്ങളുടെ സംരക്ഷണം, ഉന്നത നിലവാരമുള്ള അടിസ്ഥാനസൗകര്യങ്ങളുടെ വികസനം, ഉത്തരവാദിത്ത ടൂറിസം സമന്വയിപ്പിക്കൽ എന്നിവ

*29-06-2026*
*Question Hour*

ടൂറിസം മേഖലയിൽ നടപ്പാക്കിവരുന്നു. സുസ്ഥിരമായ സമ്പ്രദായത്തിന് ഊന്നൽ നൽകി വിവിധ വകുപ്പുകളുടെ സഹകരണത്തോടെ കാലാനുസൃതമായ മാറ്റങ്ങൾ ഉൾക്കൊള്ളുന്ന ഒരു ടൂറിസം നയം രൂപീകരിക്കുന്നതിനാണ് സർക്കാർ ആലോചിക്കുന്നത്.

ശ്രീ. എം. എസ്. അരുൺ കുമാർ: സർ, പേരുപോലെ തന്നെ പുഴകളും കായലുകളും ധാരാളമുള്ള ഒരു ജില്ലയാണ് ആലപ്പുഴ. കായൽ ടൂറിസത്തിനോടൊപ്പം പുഴകളെയും ടൂറിസത്തിന്റെ ഭാഗമായി കൊണ്ട് വരാൻ കഴിയുന്ന നിലയിൽ ആലപ്പുഴ ജില്ലയെ കായൽ ടൂറിസത്തിന്റെ ഹബ്ബാക്കി മാറ്റാൻ സാധിക്കുമോ?

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, നമുക്ക് ലോക ടൂറിസത്തിൽ വളരെ മുൻകൈ എടുക്കാൻ കഴിയുന്ന മേഖലയാണ് കായൽ ടൂറിസം. അതിൽ ആലപ്പുഴയ്ക്ക് പ്രധാനപ്പെട്ട പങ്ക് നിർവഹിക്കാൻ കഴിയും. നിലവിൽ ടൂറിസത്തിന്റെ കാര്യത്തിൽ ആലപ്പുഴ ജില്ല വളരെ മുന്നിലാണ്. തീർച്ചയായും അങ്ങ് ഉന്നയിച്ച ചോദ്യം വളരെ ഗൗരവമായി ഉൾക്കൊണ്ട് കായൽ ടൂറിസത്തിന് മുൻഗണന കൊടുക്കുന്ന പദ്ധതികൾ നമ്മുടെ ടൂറിസം നയത്തിലുണ്ടാകും.

ശ്രീ. എം. എസ്. അരുൺ കുമാർ: സർ, കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ടൂറിസം ഡെസ്റ്റിനേഷൻ ചലഞ്ച് എന്ന പദ്ധതിയുണ്ടായിരുന്നു. എന്റെ മണ്ഡലത്തിലെ ഇരപ്പൻപാറ ഇക്കോ ടൂറിസം പദ്ധതിയെക്കുറിച്ച് അങ്ങേയ്ക്ക് നേരിട്ട് അറിയാവുന്നതാണ്. അതോടൊപ്പം 110 ഏക്കറോളം പരന്നുകിടക്കുന്ന ചിറയായ വയ്യാങ്കരച്ചിറ ടൂറിസം പദ്ധതി (ഗ്രീൻ ഫോറസ്റ്റ്) തുടങ്ങിയിട്ടുണ്ട്. കൂടാതെ, വള്ളികുന്നം ചിറ ടൂറിസം പദ്ധതിയുണ്ട്. ടൂറിസം ഡെസ്റ്റിനേഷൻ പദ്ധതിയിൽ, മാവേലിക്കര അങ്ങ് ഒരുപാട് തവണ വന്നിട്ടുണ്ട്. മണ്ഡപത്തിൻകടവ് ഏറ്റവും പ്രധാനപ്പെട്ട കേന്ദ്രമാണ്, അത് അവസാനിക്കുന്നത് അച്ചൻകോവിലാറിലാണ്. തൊട്ടപ്പുറത്തുള്ളത് പമ്പയാറാണ്. ടൂറിസം ഡെസ്റ്റിനേഷൻ ചലഞ്ച് എന്ന നിലയിൽ ഇവയെ മുന്നോട്ടുകൊണ്ടുപോകാനുള്ള സംവിധാനമുണ്ടാകുമോ?

മി. സ്പീക്കർ: ഒറ്റ വാക്കിൽ ഉത്തരം പറയൂ.

ശ്രീ. പി. സി. വിഷ്ണുനാഥ്: ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതി മുന്നോട്ട് കൊണ്ടുപോകുമെന്നുള്ള കാര്യം സഭയെ അറിയിക്കുകയാണ്.

മി. സ്പീക്കർ: ഓർഡർ... ഓർഡർ... ചോദ്യോത്തരവേള അവസാനിച്ചു.

*29-06-2026*
*Question Hour*

(ചോദ്യോത്തരവേള കഴിഞ്ഞു.)

* * *